
# Exodus

## ബത്തേരി രൂപതാ ബുള്ളറ്റിൻ

April 2018
Volume 44
No.4






മോസ്റ്റ് റവ. ഡോ. യൂഹാനോൻ
മാർ ക്രിസോസ്റ്റോം



മോസ്റ്റ് റവ. ഡോ. എബ്രാഹാം
മാർ യൂലിയോസ്



മോസ്റ്റ് റവ. ഡോ. സാമുവൽ
മാർ ഐറേനിയോസ്



മോസ്റ്റ് റവ. ഡോ. യൂഹാനോൻ
മാർ തിയഡോഷ്യസ്

പത്തനംതിട്ട രൂപതയിലേക്കും മൂവാറ്റുപുഴ രൂപതയിലേക്കും പിൻതുടർച്ചാവകാശമുള്ള പുതിയ മെത്രാപ്പോലീത്താമാരായി നിയമിതരായിരിക്കുന്ന **മോസ്റ്റ് റവ.ഡോ.സാമുവൽ മാർ ഐറേനിയോസ് തിരുമേനിക്കും മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ് തിരുമേനിക്കും പ്രാർത്ഥനാമംഗളങ്ങൾ.**

## സിറിൽ മാർ ബസേലിയോസ് അവാർഡ്

സാമൂഹിക സാംസ്കാരിക മേഖലയിലെ
സ്തുത്യർഹമായ സേവനങ്ങൾക്ക് 2017-2018
വർഷത്തെ സിറിൽ മാർ ബസേലിയോസ്
അവാർഡ് നൽകി ബത്തേരി രൂപതയുടെ
ശ്രേയസ്സ് ആദരിക്കുന്ന **അത്യഭിവന്ദ്യ മോറാൻ
മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്
കാതോലിക്കാ ബാവായ്ക്ക്** ആശംസകൾ



## പേഴ്സൺ ഓഫ് ദി ഇയർ - 2017



Y's Men's Club Bathery നൽകി വരുന്ന പേഴ്സൺ ഓഫ് ദി ഇയർ - 2017
പുരസ്കാരത്തിന് അർഹനായ രൂപതാദ്ധ്യക്ഷൻ
**അഭിവന്ദ്യ ജോസഫ് മാർ തോമസ്** തിരുമേനിക്ക് ആശംസകൾ.
വിദ്യാഭ്യാസം, സാംസ്കാരികം, മതസൗഹാർദ്ദം, പ്രാദേശികവികസനം
എന്നീ മേഖലകളിൽ അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകളെ
മുൻനിർത്തിയാണ് പുരസ്കാരം.

# അഭിവന്ദ്യ കർദ്ദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയുടെ രൂപതാ സന്ദർശനം



അഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയെ
അഭിവന്ദ്യ ജോസഫ് മാർ തോമസ്
തിരുമേനി അരമനയിലേക്ക് സ്വീകരിക്കുന്നു.



പ്രൊഫ. ടി. മോഹൻബാബു ഫൗണ്ടേഷൻ
ലൈബ്രറി കാതോലിക്കാ ബാവാ
തിരുമേനി ഉദ്ഘാടനം ചെയ്യുന്നു.



അഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയിൽ നിന്നും അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ്
തിരുമേനി പേഴ്സൺ ഓഫ് ദി ഇയർ -2017 പുരസ്കാരം ഏറ്റ് വാങ്ങുന്നു



മിജാർക് - കെ. സി. വൈ. എം. സംയുക്തമായി നടത്തുന്ന ഫലസമൃദ്ധി-2018 ഉദ്ഘാടനചടങ്ങ്



മാർ ഗ്രിഗോറിയോസ് നോളഡ്ജ് സെന്ററിൽ എൻട്രൻസ് കോച്ചിംഗ്
വിദ്യാർത്ഥികളെ അഭിവന്ദ്യ പിതാക്കന്മാർ സന്ദർശിച്ചപ്പോൾ





ബത്തേരി രൂപതാ മാതൃജ്യോതിസ് കർമ്മപദ്ധതി
അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

ഫാത്തിമ കോളേജിലെ പുതിയ ലൈബ്രറി
അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുന്നു




വന്യമൃഗശല്യത്തിനെതിരെ വടക്കനാട് ഗ്രാമസംരക്ഷണ സമിതി സംഘടിപ്പിച്ച
നിരാഹാരസമരം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുന്നു



പ്രണവം-2018 ബത്തേരി രൂപതയിലെ അധ്യാപകർ അഭിവന്ദ്യ പിതാവിനോടൊപ്പം





കൊയിലേരി ഇടവക ജൂബിലിയിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചപ്പോൾ

# EXodus

വാല്യം 44 ഏപ്രിൽ 2018 ലക്കം 4


## Bulletin Team


**PATRON**
Most Rev. Dr. Joseph Mar Thomas

**CO-PATRONS**
Very Rev.Msgr. Mathew Arambankudy
Very Rev. Msgr. Dr. Thomas Kanjiramukalil

**EDITOR**
Rev. Fr. Varghese Kaniyamparambil
E-mail:vkshinto@gmail.com
Mobile : 8281141310

**EDITORIAL BOARD**
Very Rev. Fr. Philip Mathew Vettikatt
(Advisory Editor)
Bro. Mathappara Kuriakose
(Circulation Manager)

**TECHNICAL SUPPORT**
Very Rev. Fr. Samuel Puthuppady
Sri. V. P. Thomas
Prof. Philomina K. J.



**Printed, Published & Owned by**
Rev. Fr.Philip Mathew Vettikatt
Chancellor, Bathery Diocese -
exodussby@gmail.com

**Printed at**

Josin Offset Press, SBY

Ph: 04936 - 227 226


## ഉൾത്താളുകളിൽ


ഇടയശബ്ദം

സഭാവാർത്തകൾ..............................10

മലങ്കര – സഭാവാർത്തകൾ.............10

രൂപതാവാർത്തകൾ.........................12

ഗുരുകുലം സെമിനാരി..................15

മാതൃജ്യോതിസ് .................................15

എം.സി.വൈ.എം...............................16

വിശ്വാസപരിശീലനം..........................17

എം.സി.എ...........................................17

സുവിശേഷസംഘം..........................18

ശ്രേയസ്.............................................19

ഉന്നതവിദ്യാഭ്യാസവേദി ......................21

ഇതരവാർത്തകൾ ..........................24

# Bishop's Programme

## APRIL 2018

| Date | Day | Programme |
|---|---|---|
| 1 | Sunday | Easter - Nambiyarkunnu |
| 2 | Monday | Divine Chalakkudi - Youth Meeting |
| 3 | Tuesday | P.O.C. - Youth Meeting |
| 4 | Wednesday | Alphonsa College, Principal Send Off (12.15pm) |
| 5 | Thursday | Bathery Cathedral(11 pm), Koyileri (4 pm) |
| 6 | Friday | Naduvil - Jubilee Celebration |
| 7 | Saturday | Pathar- First Holy Mass(11 am)<br>Chungathara Jubilee, Sr. Leo DM (6 pm) |
| 8 | Sunday | Karyampady |
| 9 | Monday | Bathery |
| 10 | Tuesday | Trivandrum |
| 11 | Wednesday | Profession Bethany Sisters |
| 12 | Thursday | Quorbono, Profession, Moolankave |
| 13 | Friday | Mysore |
| 14 | Saturday | Naragathode (8 am), Uppatty (11.30 am)<br>Deepika (4pm), Jubilee Celebration, Badery (6pm) |
| 15 | Sunday | Quorbono (Mandad),<br>Wedding Engagement |
| 16 | Monday | AIRIO -International Seminar |
| 17 | Tuesday | AIRIO -International Seminar |
| 18-20 | Wed-Friday | Suvishesha Sangam Meeting, Bathery |
| 21 | Saturday | Erumamunda (10 am), Engapuzha (4 pm) |
| 22 | Sunday | Edakkara (9 am), Puthoorvayal (3 pm) |
| 23 | Monday | Trivandrum |
| 24 | Tuesday | Manalvayal (4 pm) |
| 25 | Wednesday | Palakkadu |
| 26 | Thursday | Vadasserikkara |
| 27 | Friday | Kartikkulam Jubilee |
| 28-30 | Sat-Monday | K.C.Y.M. Kanjirappalli |



## ഇടയശബ്ദം

# ദൈവകൃപയുടെ നാളുകൾ

ഏപ്രിൽ, മെയ് മാസങ്ങൾ നമ്മെ സംബന്ധിച്ച് വലിയ ദൈവാനുഗ്രഹത്തിന്റെ അവസരമാണ്. ഏപ്രിൽ ഒന്നാം തീയതി നാം ഈസ്റ്റർ ആഘോഷിച്ചു. ഏപ്രിൽ എട്ടാം തീയതി സെമിനാരി ദിനം, ഏപ്രിൽ 23 ഗീവർഗ്ഗീസ് സഹദായുടെ പെരുന്നാൾ, മെയ് ഒന്ന് തൊഴിലാളി ദിനം, മെയ് 6 അല്മായദിനം, മെയ് 27 ദൈവവിളിദിനം. ഈ ദിവസങ്ങളുടെ സന്ദേശം ഉൾക്കൊള്ളാനും ഉണർന്ന് പ്രവർത്തിപ്പാനും, പ്രാർത്ഥിപ്പാനും നമുക്ക് സാധിക്കണം.

**1. ഈസ്റ്റർ** : ലോകത്തിന് മുഴുവൻ സന്തോഷവും, ശാന്തിയും, പ്രത്യാശയും നൽകുന്ന തിരുനാളാണ് ഈസ്റ്റർ. യേശുവിന്റെ ഉത്ഥാനം ലോകത്തിന് ഒരു പുതിയ സംസ്കാരം സമ്മാനിച്ചു. ജീവന്റെയും, പ്രത്യാശയുടെയും സംസ്കാരം. സഹനവും, വേദനയും, മരണവും ഈ ലോകത്തിൽ ജനിച്ചുവീഴുന്ന എല്ലാവരുടെയും ജന്മാവകാശമാണ്. ഈ മരണസംസ്കാരത്തിന് യേശു നൽകിയ പുതിയ ഉത്തരമാണ് "ജീവന്റെ സംസ്കാരം" അഥവാ പ്രത്യാശയുടെ സംസ്കാരം. ഈസ്റ്റർ എന്ന പറയുന്നത് നിഷ്കളങ്കമായ ഒരു കുഞ്ഞാടിന്റെ ചരിത്രമാണ്. കുഞ്ഞാട്, യേശുക്രിസ്തു കുരിശ് വഹിച്ചു. കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച്, അടക്കപ്പെട്ടു. പക്ഷെ ഈ മരണത്തിന്റെ ആയുസ്സ് 36 മണിക്കൂറുകൾ മാത്രം ആയിരുന്നു. മരണമാണ് മനുഷ്യജീവിതത്തിന്റെ അന്ത്യമെന്ന് കരുതിയിരുന്ന ഒരു ലോകത്ത് മരണത്തിനും അന്ത്യമുണ്ടെന്നു പഠിപ്പിച്ച അതുല്യ സംഭവമാണ് ഈസ്റ്റർ. വേദനയും, സഹനവും, മരണവും നിസ്സാരമാണ്. നിത്യജീവൻ അനന്തമാണ്. യേശുവിന്റെ കല്ലറയിൽ നിന്ന് ലഭിച്ച സന്ദേശം എന്താണ്. അവർ ഇവിടെയില്ല. ഉയിർത്തെഴുന്നേറ്റു. (ലൂക്ക 24/6) യേശു ഉയർത്തെഴുന്നേറ്റു. അവൻ ഇന്നും എന്നോടൊപ്പം ജീവിക്കുന്നു. സഞ്ചരിക്കുന്നു. ഒരു ക്രിസ്ത്യാനിക്ക് ജീവിക്കുക എന്നാൽ യേശുവാണ്. യേശുവിന്റെ ഉത്ഥാനത്തിലുള്ള പ്രത്യാശയാണ്. കാരണം അവൻ പറഞ്ഞു ഞാൻ പുനരുദ്ധാനവും ജീവനുമാണ്. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. നമ്മൾ വിശ്വസിക്കുന്നതും പ്രവർത്തിക്കുന്നതും മരിച്ചുപോയ യേശുവിനു വേണ്ടിയല്ല, മറിച്ച് ഇന്നും ജീവിക്കുന്ന ഉത്ഥാനം ചെയ്ത യേശുവിനു വേണ്ടിയാണ്. അതുകൊണ്ട് നാം വലിയ സന്തോഷവും, പ്രത്യാശയും ഉള്ളവരായി ജീവിക്കണം. കാരണം, ഏതു

പ്രതിസന്ധിയേയും എനിക്ക് അതിജീവിക്കാൻ കഴിയും, കാരണം ഞാൻ വിശ്വസിക്കുക മരണത്തെ കീഴടക്കിയ യേശുവിലാണ്. എല്ലാവർക്കും ഈസ്റ്റർ ആശംസകൾ. ദൈവം അനുഗ്രഹിക്കട്ടെ.

**2. ദൈവവിളി, സെമിനാരി ദിനം, മെയ്ദിനം :** മാതാപിതാക്കളുടെ പ്രാർത്ഥനയക്ക് ദൈവം കൊടുക്കുന്ന ഉത്തരമാണ് ദൈവവിളി. അഥവാ സന്യാസ-പൗരോഹിത്യത്തിലേക്കുള്ള വിളി. എല്ലാ മാതാപിതാക്കളും ദൈവത്തിന്റെ അമൂല്യമായ ഈ അനുഗ്രഹം കുഞ്ഞുങ്ങൾക്ക് ലഭിക്കാൻ വേണ്ടി നിരന്തരമായി പ്രാർത്ഥിക്കണം. തൊഴിലാളികളുടെ മദ്ധ്യസ്ഥനായ യൗസേഫ് പിതാവ് കുടുംബത്തിന്റെ മദ്ധ്യസ്ഥൻ കൂടിയാണ്. കുടുംബത്തിന് ദൈവീകമായ നേതൃത്വം നൽകുവാനും, അദ്ധ്വാനിച്ച് ജീവിക്കുവാനുമുള്ള ഉത്തരവാദിത്വം ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു. ഒപ്പം മാതാപിതാക്കളും മതാദ്ധ്യാപകരും, വിശ്വാസികളും ദൈവവിളികൾ പ്രോത്സാഹിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**3. അല്മായ ദിനം** : മെയ് -6 ഈ വർഷം നാം അല്മായ ദിനമായി കൊണ്ടാടുന്ന നമ്മുടെ രൂപതയിലെ എം.സി.എ. മാതൃജ്യോതിസ്, പിതൃജ്യോതിസ് എന്നിവയെല്ലാം കൂടുതൽ ശക്തിപ്പെടുത്തുവാനും, വിപുലീകരിക്കുവാനുമാണ് അല്മായദിനം നാം പ്രയോജനപ്പെടുത്തേണ്ടത്. നമ്മുടെ രൂപതയുടെ എല്ലാ പ്രവർത്തനങ്ങളിലും അല്മായരുടെ ഭാഗഭാഗിത്വം കൂടുതൽ ഉറപ്പാക്കുകയും, സഭയുടെ സുവിശേഷീകരണത്തിൽ അല്മായരെ കർമ്മനിരതരാക്കുകയും വേണം. ആധുനിക ലോകത്തിലെ വെല്ലുവിളികളെ അതിജീവിക്കുവാൻ സഭ ഒരു പുതിയ ദർശനം സ്വന്തമാക്കണമെന്ന് പരി. ഫ്രാൻസീസ് മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു. അതായത് സഭ കരുണയുടെ മുഖമുള്ളവരായി (face of mercy) ഈ യുഗത്തിൽ പ്രവർത്തിക്കണം. ദൈവശാസ്ത്രപരമായ മുഖം (Dogmatic Face) ആരാധനാപരമായ മുഖം (Liturgical Face) ഇവ അനിവാര്യമാണ്. എന്നാൽ ആധുനിക യുഗത്തിലെ സഭയുടെ മുഖവും, ഭാഷയും കരുണയുടേതായിരിക്കണം. കരുണയുടെ അപ്പസ്തോലന്മാരാകാൻ നമ്മുക്ക് പ്രത്യേകം പരിശ്രമിക്കാം. അല്മായ ദിനത്തോടനുബന്ധിച്ച് നമ്മുടെ എല്ലാ ഇടവകകളിലും മെയ് 6-ാം തീയതി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും, കുർബ്ബാന അർപ്പിക്കുകയും, അല്മായ പ്രേഷിതത്തെ ശക്തിപ്പെടുത്താനുള്ള കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യണമെന്ന് താൽപ്പര്യപ്പെടുന്നു.

**4. വി.ഗീവർഗ്ഗീസ് സഹദാ :** ലോകത്തിന്റെ എല്ലാ ഭാഗത്തും രക്തസാക്ഷിയായ ഗീവർഗീസ് സഹദായുടെ തിരുനാൾ ഭക്തിപൂർവ്വം ആചരിക്കുന്നു. സഹദാ നമുക്ക് വിശ്വാസത്തിന്റെ മാതൃകയും, നമ്മുടെ സംരക്ഷകനുമാണ്. നന്മയിൽ വളരുവാനും, തിന്മയെ ചെറുക്കുവാനും സഹദായുടെ മാദ്ധ്യസ്ഥം സഹായിക്കുന്നു. നമ്മുടെ ദേവാലയങ്ങളിൽ ഈ തിരുനാൾ ഭക്തിപൂർവ്വം ആചരിക്കണം. എല്ലാവർക്കും മംഗളങ്ങൾ ആശംസിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ

**✠ ഡോ. ജോസഫ് മാർ തോമസ്**
(രൂപതാദ്ധ്യക്ഷൻ)

THE SYRO-MALANKARA CATHOLIC CHURCH
MORAN MOR BASELIOS CARDINAL CLEEMIS
Major Archbishop-Catholicos
MAJOR ARCHIEPISCOPAL CURIA
CATHOLICATE CENTRE
PATTOM, TRIVANDRUM-695004

Prot. No. CCL 3/2018

21 March 2018

**സർക്കുലർ**

**സെമിനാരി ദിനം 2018**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാസഭയിലാകമാനം പുതു ഞായർ സെമിനാരി ദിനമായി ആചരിക്കുകയാണല്ലോ. പൗരോഹിത്യ ദൈവവിളിയെ ക്കുറിച്ച് മനസ്സിലാക്കുന്നതിനും ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനും വൈദിക പരിശീലനത്തിൽ ഉൾപ്പെട്ടിരിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനും സെമിനാരി ദിനാചരണം നമ്മെ പ്രത്യേകമായി ആഹ്വാനം ചെയ്യുന്നു.

പൗരോഹിത്യം അതിശ്രേഷ്ഠമായ ഒരു ദാനവും വിശുദ്ധമായ ഒരു ദൗത്യവുമാണ്. നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിര ഞ്ഞെടുക്കുകയാണ് ചെയ്തിരിക്കുന്നത് എന്ന തിരുവചനത്തിലൂടെ യേശു പൗരോഹിത്യവിളിയുടെ അതിസ്വാഭാവികമാനം വെളിപ്പെടുത്തുന്നു. എന്നാൽ ഈ വിളിക്ക് പ്രത്യുത്തരം നല്കുന്ന വ്യക്തി ബലഹീനനായ മനുഷ്യനാണ്. സാധാരണ മനുഷ്യരിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവരാണ് പുരോഹിതർ. ജനങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരോ പുരോഹിതനും ദൈവവു മായുള്ള ബന്ധത്തിൽ മനുഷ്യർക്കുവേണ്ടി പ്രവർത്തിക്കാൻ നിയമിക്ക പ്പെട്ടിരിക്കുന്നു (ഹെബ്രായർ 5:1).

പൗരോഹിത്യമെന്ന മഹാദാനം ബലഹീനമായ മനുഷ്യകരങ്ങളിലാണ് ഏൽപ്പിക്കപ്പെട്ടിരിക്കുന്നത് എന്ന് ചുരുക്കം. മാനുഷിക സാഹചര്യങ്ങളിൽ നിന്നും വിളിക്കപ്പെട്ടിരിക്കുന്ന പുരോഹിതർ സുവിശേഷ ശുശ്രൂഷയ്ക്കായി അയയ്ക്കപ്പെടുന്നതും അതേ സാഹചര്യങ്ങളിലേക്കാണ്. ഈ കാരണത്താൽ പൗരോഹിത്യവും പൗരോഹിത്യ ശുശ്രൂഷയും നിരന്തരം വെല്ലുവിളികൾ നേരിട്ടു കൊണ്ടിരിക്കുന്നു.

ആയതിനാൽ ലോകത്തിലെ വ്യത്യസ്ത സാഹചര്യങ്ങളിൽ ലോക രക്ഷകനായ യേശുക്രിസ്തുവിന്റെ സജീവവും സുതാര്യവുമായ പ്രതിരൂപ മായിത്തീരാൻ പുരോഹിതർ വിളിക്കപ്പെട്ടിരിക്കുന്നു. സ്വഭാവത്തിലും, ദൗത്യത്തിലും പുരോഹിതർ യേശുക്രിസ്തുവിന്റെ മാതൃകയിലായിരിക്കണം. അപ്പോൾ മാത്രമേ അദൃശ്യനായ ക്രിസ്തു തന്റെ പുരോഹിതരിലൂടെ ഇന്ന് ലോകത്തിൽ ദൃശ്യമാവുകയുള്ളൂ. സമൂഹത്തിന്റെ മാറിവരുന്ന സാഹചര്യ ങ്ങൾക്കും ആവശ്യങ്ങൾക്കുമനുസരിച്ച് പൗരോഹിത്യശുശ്രൂഷ നിർവ്വഹിക്കുവാൻ ഓരോ പുരോഹിതനും സാധിക്കണം. പുരോഹിതന്റെ ജീവിതവും ശുശ്രൂഷയും ഓരോ യുഗത്തിനും ജീവിതത്തിന്റെ ഓരോ സാഹചര്യത്തിനും ഒത്തിണങ്ങുന്നതു മായിരിക്കണമെന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ നമ്മോട് പറയുന്നുണ്ട് (പാസ്തോരെസ് ദാബോ വോബിസ് 5).

ആത്മീയതയും സഭാത്മകതയുമുള്ള കുടുംബങ്ങളിൽനിന്നു മാത്രമേ നല്ല ദൈവവിളികൾ ഉണ്ടാവുകയുള്ളു. മാതാപിതാക്കളുടെ ആത്മീയജീവിതവും മാതൃകയുമാണ് ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അടിസ്ഥാനമായി നിലനിൽക്കുന്നത്. ഇടവകയിലെ ആത്മീയ ശുശ്രൂഷകളും ദൈവാരാധനയും ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് കാരണമായിത്തീരും.

പൗരോഹിത്യ ദൈവവിളിയെക്കുറിച്ചും ദൗത്യങ്ങളെപ്പറ്റിയും ശരിയായ ദർശനവ്യക്തത ലഭിക്കുന്നത് വൈദിക പരിശീലനത്തി ലൂടെയാണ്. പുരോഹിതാർത്ഥികളുടെ തിരഞ്ഞെടുപ്പും അവരുടെ പരിശീലനവും പൗരോഹിത്യ ശ്രേഷ്ഠതയെ പ്രകാശമാനമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ദൈവഭക്തിയും സ്നേഹവും നിറഞ്ഞ കുടുംബാന്തരീക്ഷത്തിൽ മുളയെടുക്കുന്ന ദൈവവിളിയെ പരിപോഷി പ്പിക്കുകയും ഉജ്ജ്വലിപ്പിക്കുകയുമാണ് വൈദിക പരിശീലനത്തിൽ ചെയ്യേണ്ടതെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട്. അതിനാൽ പൗരോഹിത്യ പരിശീലനം ഏറെ ഗൗരവമായും ശ്രദ്ധയോ ടെയും നടത്തേണ്ട ഒരു ശുശ്രൂഷയാണ്.

ഓരോ രൂപതയിലും മൈനർ സെമിനാരി പരിശീലനം നല്കുന്ന തുവഴി വൈദികാർത്ഥികളിൽ പൗരോഹിത്യത്തെക്കുറിച്ച് ശരിയായ ദർശനം നല്കാൻ സാധിക്കുന്നുണ്ട്. തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുന്നതിലൂടെ ആത്മവിശ്വാസമുള്ളവരും ഉത്തമരും മൂല്യബോധ മുള്ളവരുമായ പുരോഹിതരെ സഭയ്ക്ക് പ്രദാനം ചെയ്യുകയെന്നതാണ് ലക്ഷ്യം വയ്ക്കുന്നത്.

സെമിനാരി ദിനം ആചരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ സഭയിൽ പരിശീലനത്തിലായിരിക്കുന്ന എല്ലാ വൈദിക വിദ്യാർത്ഥികൾക്കും വേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. വൈദികപരിശീലനം വഴിയായി യേശുവിനെ അന്വേഷിച്ച്, അനുഭവിച്ചറിയാനും അവനെ പ്രഘോഷിക്കാനും അവർക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. നമ്മുടെ സഭയിൽ വൈദിക പരിശീലനം നല്കുന്ന എല്ലാ ബഹു. വൈദികർക്കും വേണ്ടി ഈ ദിവസം പ്രത്യേകം പ്രാർത്ഥിക്കണമെന്നും ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

വൈദിക പരിശീലനത്തിൽ നിങ്ങളുടെ സാമ്പത്തികമായ സഹകരണം വഴി ഉൾചേരുന്നതിന് ഈ അവസരത്തിൽ പ്രത്യേകം ഞാൻ ഓർമ്മപ്പെടുത്തുന്നു. വ്യക്തിപരമായോ കുടുംബമായോ നമ്മുടെ സെമിനാരി പരിശീലനത്തിൽ പ്രത്യേകിച്ച് നമ്മുടെ സഭയുടെ ഹൃദയ മായ മലങ്കര മേജർ സെമിനാരിയുടെ പരിശീലനത്തിൽ ഉൾപ്പെടു ന്നതിന് ആഗ്രഹിക്കുന്നവർ ബഹു. സെമിനാരി റെക്ടറച്ചനുമായി ബന്ധ പ്പെട്ട് ക്രമീകരിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

നിങ്ങളെ എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം,

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ

മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

---

*N.B:* ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

### മലങ്കര സുറിയാനി കത്തോലിക്കാ സഭ

# ദൈവവിളി പ്രാർത്ഥനാവാരം 2018

## ദൈവവിളിയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

“എന്റെ പിതാവിനാൽ ആകർഷിക്കപ്പെടാതെ ആരും എന്റെ അടുക്കലേക്ക് വരുന്നില്ല” (യോഹ. 6:44)

മലങ്കര സുറിയാനി കത്തോലിക്കാ സഭ ദൈവവിളി പ്രാർത്ഥനാവാരമായി ആചരിക്കുന്നത് 2018 ഏപ്രിൽ 8 മുതൽ 14 വരെയാണ്. നമ്മുടെ കർത്താവിന്റെ തിരുവുത്ഥാനത്തിന്റെ മഹത്വപൂർണമായ ദിനങ്ങളിൽത്തന്നെയാണ് ദൈവവിളി പ്രാർത്ഥനാവാരം നാം സവിശേഷമായി ആഘോഷിക്കുന്നത്. പാപത്തിന്റെയും, സാത്താന്റെയും, മരണത്തിന്റെയും അടിമത്തത്തിൽ നിന്നും മഹത്വപൂർണനായി ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിന്റെ പ്രകാശത്തിൽ ജീവിതത്തെ വിലയിരുത്താനും, ഉത്ഥാനത്തിന്റെ പ്രഥമസാക്ഷിയായ മഗ്ദലനമറിയത്തെപ്പോലെ സുവിശേഷത്തിന്റെ സാക്ഷികളാകാനും നമ്മുടെ മക്കളെ ആഹ്വാനം ചെയ്യുക എന്നുള്ളതാണ് ഈ വാരാചരണത്തിന്റെ പ്രഥമലക്ഷ്യം.

“നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല; ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്” (യോഹ. 15:16). ക്രിസ്തുവിന്റെ ഈ വെളിപ്പെടുത്തലിൽനിന്നും നമുക്ക് മനസ്സിലാകുന്നത് ദൈവവിളി പ്രഥമവും, പ്രധാനമായും ദൈവത്തിന്റെ ഒരു ദാനവും തെരഞ്ഞെടുപ്പുമാണ് എന്ന വസ്തുതയാണ്. യേശുവിനോടൊപ്പം ജീവിക്കുവാനും, അവിടുത്തെ രാജ്യം ഈ ഭൂമിയിൽ സംസ്ഥാപിക്കുവാനും, അവിടുന്ന് നമ്മെ വിളിക്കുകയും, തെരഞ്ഞെടുക്കുകയും ചെയ്യുന്നു (യോഹ. 15:16). ദൈവത്തിന്റെ വിളിയും തെരഞ്ഞെടുപ്പും അവിടുത്തേക്ക് നമ്മോടുള്ള വ്യക്തിഗതമായ സ്നേഹത്തിന്റെ അടയാളമാണ്. ഈ വിളി കുടുംബജീവിതാവസ്ഥയിലേക്കും, പൗരോഹിത്യ സമർപ്പിത ജീവിതാവസ്ഥയിലേക്കും ഏകസ്ഥജീവിതത്തിലേക്കുമുള്ള ദൈവത്തിന്റെ ക്ഷണമാണ്. പരിശുദ്ധാത്മ നൽവരത്താൽ പൂരിതരായി, ഓരോരുത്തരും തീക്ഷ്ണമായി ആഗ്രഹിക്കുകയും, തെരഞ്ഞെടുക്കുകയും ചെയ്യേണ്ട വ്യത്യസ്ഥ ജീവിതാവസ്ഥകളാണ് ഓരോ ദൈവവിളിയും. മാമോദീസായിൽ അധിഷ്ഠിതമായ ക്രൈസ്തവ ദൈവവിളിയെ പ്രകാശിപ്പിക്കുകയും പൂർത്തീകരിക്കുകയും, വിശുദ്ധീകരിക്കുകയും ചെയ്യുന്നത് ഒരാൾ ദാമ്പത്യജീവിതത്തിലേക്കോ, വൈദിക-സമർപ്പിത ജീവിതത്തിലേക്കോ പ്രവേശിക്കുമ്പോഴാണ്. ആയതിനാൽ ദൈവത്തിന്റെ വിളി സ്വീകരിക്കുവാനും, തിരുസഭയിലൂടെ അവിടുത്തേക്ക് ശുശ്രൂഷ ചെയ്യുവാനും ആഗ്രഹമുള്ള കുഞ്ഞുങ്ങളെ കണ്ടെത്തുവാനും, പ്രോത്സാഹിപ്പിക്കുവാനും, ദൈവം അവർക്കായി കരുതിയിരിക്കുന്ന ജീവിതാവസ്ഥയിലേക്ക് അവരെ കൈപിടിച്ചു നടത്താനും, മാതാപിതാക്കൾ, വൈദികർ, സമർപ്പിതർ, വിശ്വാസ പരിശീലകർ, ഭക്തസംഘടനാ ഭാരവാഹികൾ എന്നിവരെല്ലാം സർവാത്മനാ പരിശ്രമിക്കേണ്ടതാണ്. ബാലനായ

ദാവീദിനെ ദൈവം വിളിച്ചതുപോലെ, മക്കളെ ദൈവം വിളിക്കുമ്പോൾ മാതാപിതാക്കന്മാരുടെ ലൗകിക താല്പര്യങ്ങളോ, മോഹങ്ങളോ, പദ്ധതികളോ ആ ദൈവ വിളിക്ക് തടസ്സമായി നിൽക്കാൻ ഇടയാകരുത്. അബ്രഹാമിനോടെന്ന പോലെ ദൈവം മക്കളെ ചോദിക്കുമ്പോൾ മടികൂടാതെ കൊടുക്കുക. അങ്ങനെ ദൈവപദ്ധതിക്ക് മക്കളെ സമർപ്പിക്കുന്നതിന് മാതാപിതാക്കൾ കൂടുതൽ ഔദാര്യമുള്ളവരാകണം.

അതുപോലെ ഇടവകകൾ കുടുംബങ്ങളുടെ ആത്മീയ സിരാകേന്ദ്രങ്ങളാണ്. ഇടവകയിലാണ് ദൈവവിളി ജനിക്കുന്നതും, വളരുന്നതും, പക്വത പ്രാപിക്കുന്നതും. ഇടയദൗത്യത്തിൽ ഉൾചേർന്നിരിക്കുന്ന ബഹു. വികാരിമാരും, ഇടവകകൂട്ടായ്മയിൽ ഉൾചേർന്നുനിൽക്കുന്ന വിശ്വാസി സമൂഹവും, ഇടവക ഭരണസമിതിയും, ഭക്തസംഘടനകളുമൊക്കെ ദൈവവിളി പ്രോത്സാഹകരും, ദൈവവിളി പരിപോഷകരുമാണ്. “കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ. അവരെ തടയരുത്” എന്ന് ക്രിസ്തു അപ്പസ്തോലന്മാരോട് അരുളിചെയ്ത തിരുവചനം ഗൗരവമായി സ്വീകരിച്ച് കുട്ടികളെ ദൈവത്തിലേക്കും, ദൈവിക കാര്യങ്ങളിലേക്കും അടുപ്പിക്കുക എന്നുള്ളത് ഇടവകകൂട്ടായ്മയുടെ ഗൗരവാവഹമായ ചുമതലയാകുന്നു.

ദൈവരാജ്യശുശ്രൂഷയിൽ അത്ഭുതകരമായ ദൈവപരിപാലന അനുഭവിക്കുന്ന ഒരു സഭയാണ് നമ്മുടേത്. ദൈവത്തിന്റെ വിളിയോട് സർവാത്മനാ സഹകരിച്ച ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മഹത്തായ പൈതൃകമാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ അജപാലകർക്കും സമർപ്പിതർക്കും ഉള്ളത്. ഈ മഹത്തായ പൈതൃകം ഉൾകൊണ്ടുകൊണ്ട്, സഭാശുശ്രൂഷയ്ക്കായി സമർപ്പിക്കുവാൻ അനേക യുവതീ-യുവാക്കന്മാർ വൈദിക സന്യാസ വഴികളിലേക്ക് കടന്നുവരേണ്ടിയിരിക്കുന്നു. ഭാരതത്തിൽ മുഴുവൻ സുവിശേഷ മറിയിക്കുവാൻ പരിശുദ്ധ സിംഹാസനം മലങ്കര സഭയെ അനുവദിച്ച് അനുഗ്രഹിച്ചിരിക്കുകയാണ്. ചുരുങ്ങിയ ഈ കാലയളവിൽ ഭാരതത്തിലെ വിവിധ ഇടങ്ങളിൽ സജീവമായ മിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സുവിശേഷ വെളിച്ചത്തിനായി അതിയായി ആഗ്രഹിക്കുന്ന ധാരാളം ഇടങ്ങൾ ഭാരതത്തിലുണ്ട്. വിശാലമായ നമ്മുടെ ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തണമെങ്കിൽ സമർപ്പിതരായ ധാരാളം വൈദികരെയും, സന്യസ്തരെയും നമുക്ക് ആവശ്യമുണ്ട്. പൗരോഹിത്യ-സന്യസ്ത ദൈവവിളികൾ വർദ്ധമാനമായെങ്കിൽ മാത്രമേ നമ്മുടെ മിഷൻ പ്രവർത്തനങ്ങളും സുവിശേഷപ്രവർത്തനങ്ങളും കാര്യക്ഷമമാക്കുവാൻ നമുക്ക് സാധിക്കൂ. ദൈവവിളികളുടെ കുറവ് സഭയുടെ ആദ്ധ്യാത്മികതയുടെ വളർച്ചയെയും, കാരുണ്യപ്രവർത്തനങ്ങളുടെ വികാസത്തെയും ദോഷകരമായി ബാധിക്കും എന്നതിൽ സംശയമില്ല. “വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ” (മത്താ. 9:37-38) എന്നരുളിച്ചെയ്ത യേശുവിനോട് സുവിശേഷത്തിന്റെ പുരോഗതിയ്ക്കായി പ്രയത്നിക്കുന്നതിനും അജപാലനശുശ്രൂഷയിൽ അത്ഭുതകരമായ വളർച്ചയുണ്ടാകുന്ന തിനും, ദൈവകൃപയും, പ്രേഷിതാഭിമുഖ്യവുമുള്ള അനേകം യുവതീയുവാക്കളെ ദൈവശുശ്രൂഷയ്ക്കും, സഭയുടെയും, സമൂഹത്തിന്റെയും കെട്ടുപണിയ്ക്കുമായി അയയ്ക്കണമെ എന്ന് മുട്ടിപ്പായി നമുക്ക് പ്രാർത്ഥിക്കാം.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേകമായ സംവിധാനത്തിലും, പശ്ചാത്തലത്തിലും വൈദിക-സന്യസ്ത ജീവിതാന്തസിലേക്കുള്ള ദൈവവിളിയുടെ പ്രോത്സാഹനത്തിനും പരിപോഷണ ത്തിനുമായിട്ടാണ് പരി. സുന്നഹദോസ് ദൈവവിളിയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന് രൂപം കൊടുത്തിട്ടുള്ളത്. കഴിഞ്ഞവർഷം ഇപ്രകാരമുള്ള ഒരു ദൈവവിളി വാരാഘോഷത്തിന് നാം തുടക്കമിടുകയുണ്ടായി. ഈ വർഷം 2018 ഏപ്രിൽ 8 മുതൽ 14 വരെ വിവിധങ്ങളായ പരിപാടികൾ ഉൾകൊള്ളിച്ചുകൊണ്ട് ദൈവവിളി ആഴ്ചയായി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. നമ്മുടെ വിവിധ ഭദ്രാസനങ്ങളിലും, സന്യാസ-സന്യാസിനി സമൂഹങ്ങളിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് ആയി ശുശ്രൂഷ ചെയ്യുന്നവരുടെ പ്രത്യേക നേതൃത്വത്തിലും സഹകരണത്തിലും ഇതിനുള്ള ക്രമീകരണങ്ങൾ ഇടവകകളിലും, സ്ഥാപനങ്ങളിലും, നമ്മുടെ സന്യാസഭവനങ്ങളിലും, കുടുംബങ്ങളിലും നടത്തണമെന്ന് സ്നേഹത്തോടെ ഞാൻ അഭ്യർത്ഥിക്കുന്നു.

ദൈവവിളി വാരാചരണത്തിനായി പ്രത്യേകം മാറ്റിവയ്ക്കപ്പെട്ട ഈ ദിനങ്ങൾ നമ്മുടെ കുട്ടികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും, പൗരോഹിത്യ സന്യാസജീവിതത്തിലേക്ക് താല്പര്യമുള്ള കുഞ്ഞുങ്ങളെ കണ്ടെത്തുവാനും, പ്രോത്സാഹനം നൽകുവാനും ദൈവവിളി ക്യാമ്പുകളും, കുട്ടികളുടെ സംഗമങ്ങളും ക്രമീകരിക്കുവാനും, മാധ്യമങ്ങൾ ദൈവവിളി പ്രോത്സാഹന ഉപാധികളായി മാറ്റുവാനും നമുക്ക് കഴിയണം. ദൈവവിളി പ്രോത്സാഹകരെന്ന ഉത്തരവാദിത്വത്തിലേക്ക് ഹൃദയപൂർവം കടന്നുവരുവാൻ എല്ലാ മാതാപിതാക്കളേയും, ബഹു. വൈദികരേയും, സന്യസ്തരേയും, മതാദ്ധ്യാപകരേയും, അൾത്താര ശുശ്രൂഷികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭ യുവജന വർഷമായി ആചരിക്കുന്ന ഈ കാലയളവിൽ (2018 മാർച്ച് 25-2019 മാർച്ച് 25) വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ട് തങ്ങളുടെ ജീവിതവിളിയെ വിവേചിച്ചറിയാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് യുവജനങ്ങളോട് സ്നേഹത്തോടെ ഞാൻ ഉദ്ബോധിപ്പിക്കുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നമ്മുടെ സഭയുടെ അജപാലന ശുശ്രൂഷകളിൽ വ്യാപൃതരായിരിക്കുന്ന നമ്മുടെ എല്ലാ അഭിവന്ദ്യ പിതാക്കന്മാരെയും, ബഹു. വൈദികരെയും, സമർപ്പിതരെയും, അത്മായ പ്രേഷിതരെയും നന്ദിയോടെ അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്നു. മലങ്കര കത്തോലിക്കാസഭ പൗരോഹിത്യ സന്യസ്ത ദൈവവിളികളാൽ സമ്പന്നമാകട്ടെ എന്ന് നമുക്ക് ഹൃദയപൂർവം പ്രാർത്ഥിക്കാം. എല്ലാവർക്കും ഉയിർപ്പ് തിരു നാളിന്റെ അനുഗ്രഹങ്ങൾ നേരുന്നു.

എന്ന്, കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

**✠ സാമുവൽ മാർ ഐറേനിയോസ്**

ചെയർമാൻ, ദൈവവിളിക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ,
തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാൻ.

26.03.2018
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

N.B.: ഈ സർക്കുലർ ദൈവവിളി പ്രാർത്ഥനാവാരം ആരംഭിക്കുന്ന ഏപ്രിൽ 8, ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# സഭാ വാർത്തകൾ

## ബംഗ്ലാദേശിൽ പാപ്പാ മ്യൂസിയം

ധാക്ക : കഴിഞ്ഞ വർഷം അവസാനം ഫ്രാൻസീസ് മാർപാപ്പ നടത്തിയ സന്ദർശനത്തിന്റെ ഓർമ്മയ്ക്കായി ബംഗ്ലാദേശിന്റെ തലസ്ഥാനമായ ധാക്കയിൽ പാപ്പാ മ്യൂസിയം വരുന്നു. സന്ദർശനവേളയിൽ പാപ്പ ഉപയോഗിച്ച *പോപ് മൊബീൽ* വാഹനമുൾപ്പെടെ ഒട്ടേറെ വസ്തുക്കൾ മ്യൂസിയത്തിലുണ്ടാകും.

## നഴ്സുമാർ മനുഷ്യത്വത്തിന്റെ ആൾരൂപങ്ങൾ -ഫ്രാൻസിസ് മാർപാപ്പ

നഴ്സുമാർ മനുഷ്യത്വത്തിന്റെ ആൾരൂപങ്ങളാണെന്നും മനസ്സാക്ഷിയും മനുഷ്യത്വവും മരവിക്കുന്ന കാലഘട്ടത്തിൽ പകരം വയ്ക്കാനില്ലാത്ത ഉത്തരവാദിത്വമാണ് അവരുടെതെന്നും ഫ്രാൻസീസ് മാർപാപ്പ. വത്തിക്കാനിലെത്തിയ നാഷണൽ ഫെഡറേഷൻ ഓഫ് പ്രൊഫഷണൽ നഴ്സിംഗ് പ്രതിനിധികളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

## പ്രതിസന്ധിയിലും ചൈനയിൽ കത്തോലിക്കർ കൂടുന്നു

ക്രൈസ്തവവിശ്വാസം തകർക്കാൻ കമ്മ്യൂണിസ്റ്റ് ഭരണകൂടം സകലമാർഗങ്ങളും പ്രയോഗിച്ചുകൊണ്ടിരിക്കെ അതിനെതിരെ ശക്തമായ പ്രതിരോധം തീർത്ത ചൈനയിൽ വിശ്വാസികളുടെ എണ്ണത്തിൽ വൻ വർധന. ഫെയ്ത്ത് കൾച്ചർ സൊസൈറ്റി എന്ന രാജ്യാന്തര സംഘടനയുടെ റിപ്പോർട്ടനുസരിച്ച് 2017-ൽ ചൈനയിൽ 48, 556 പേർ സഭാക്രമമനുസരിച്ച് മാമ്മോദീസ സ്വീകരിച്ചുവെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

# മലങ്കര-സഭാ വാർത്തകൾ

## പത്തനംതിട്ടയിലും മൂവാറ്റുപുഴയിലും പിൻതുടർച്ചാവകാശമുള്ള പുതിയ മെത്രാൻമാർ

തിരുവനന്തപുരം: മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് പിൻതുടർച്ചാവകാശമുള്ള രണ്ട് പുതിയ കോ-അഡ്ജുത്തൂർ (co-adjutor) മെത്രാൻമാരെ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവ നിയമിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സുന്നഹദോസ് തീരുമാനത്തിന് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ അംഗീകാരം ലഭിച്ചതനുസരിച്ചാണ് ഈ പ്രഖ്യാപനം നടത്തിയത്. ഇപ്പോൾ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സഹായമെത്രാനായ അഭിവന്ദ്യ ഡോ. സാമുവൽ മാർ ഐറേനിയോസ് എപ്പിസ്കോപ്പായെ പത്തനംതിട്ട ഭദ്രാസനത്തിലേക്കും സഭയുടെ ആസ്ഥാനമായ കാതോലിക്കേറ്റ് സെന്ററിൽ കൂരിയാ മെത്രാനായും യൂറോപ്പിലേയും ഓഷ്യാനായിലേയും

അപ്പസ്തോലിക വിസിറ്റേറ്ററുമായ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ് തിരുമേനിയെ മൂവാറ്റുപുഴ ഭദ്രാസനത്തിലേക്കുമാണ് നിയമിച്ചത്. 2018 ഏപ്രിൽ 10-ന് പട്ടം സെന്റ് മേരിസ് കത്തീഡ്രൽ ദൈവാലയത്തിൽ കാതോലിക്കാ ബാവയാണ് പുതിയ പ്രഖ്യാപനങ്ങൾ നടത്തിയത്. നിലവിൽ പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റോം മെത്രാപ്പോലീത്തായും മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്തായും ഔദ്യോഗിക ചുമതലകളിൽ നിന്ന് വിരമിക്കുന്നതനുസരിച്ച് പുതിയ മെത്രാൻമാർ ഭദ്രാസനാദ്ധ്യക്ഷൻമാരായി ചുമതല ഏറ്റെടുക്കും.

## ജുഡീഷ്യൽ വികാരിമാരുടെ സമ്മേളനം

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ജുഡീഷ്യൽ വികാരിമാരുടെ സമ്മേളനം 2018 മാർച്ച് 14, 15 തീയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷനും സി.ബി. സി. ഐ. വൈസ്പ്രസിഡന്റുമായ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി സമ്മേളനം ഉദ്ഘാടനം ചെയ്തു. മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയാമെത്രാൻ അഭിവന്ദ്യ യൂഹോനോൻ മാർ തെയഡോഷ്യസ് തിരുമേനി പ്രഭാഷണം നടത്തി. വിവാഹ കേസുകൾ, ഭരണപരമായ നടപടികൾ, സഭാകോടതിയുടെ പ്രവർത്തനങ്ങൾ മറ്റ് നിയമപരമായ വസ്തുതകൾ എന്നിവ ചർച്ച ചെയ്തു. മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ ട്രൈബ്യൂണലിന്റെ പ്രസിഡന്റ് വെരി റവ. ഡോ. വർഗീസ് മനക്കലേട്ട് സമ്മേളനത്തിന് നേതൃത്വം നൽകി.

## യുവജന കമ്മീഷന്റെ ഭദ്രാസനതല ഡയറക്ടർമാരുടെ മീറ്റിംഗ്

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ യുവജന കമ്മീഷന്റെ നേതൃത്വത്തിൽ ഭദ്രാസനതല ഡയറക്ടർമാരുടെ മീറ്റിംഗ് 2018 മാർച്ച് 10-ന് പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് തിരുമേനി മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു. പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പ്രഖ്യാപനമനുസരിച്ച് 2018 മാർച്ച് 25 മുതൽ 2019 മാർച്ച് 25 വരെ യുവജന വർഷം ആചരിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത മീറ്റിംഗ് സംഘടിപ്പിച്ചത്.

## അപ്പസ്തോലിക് വിസിറ്റേറ്ററുടെ പ്രഥമ ഇടയസന്ദർശനം

മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയാ ബിഷപ്പും ഓഷ്യാനിയാ-യൂറോപ്പിന്റെ അപ്പസ്തോലിക് വിസിറ്റേറ്ററുമായ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി 2018 മാർച്ച് 1 മുതൽ 13 വരെ ഓഷ്യാനിയായിൽ ഇടയസന്ദർശനം നടത്തി. 2017 സെപ്തംബർ മാസം അഭിഷിക്തനായ തിരുമേനിയുടെ ആദ്യത്തെ ഇടയസന്ദർശനമാണിത്.

2013-ൽ ഓസ്ട്രേലിയാ, ന്യൂസിലാന്റ് രാജ്യങ്ങളിലെ വിവിധ സ്ഥലങ്ങളിലായി ആരംഭിച്ച മിഷൻ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് അപ്പസ്തോലിക് വിസിറ്റേറ്ററുടെ നിയമനം.

## രൂപതാ വാർത്തകൾ

### അത്യുന്നത കർദ്ദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ രൂപത സന്ദർശിച്ചു

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യുന്നത കർദ്ദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവ ഏപ്രിൽ 4, 5, 6 തീയതികളിൽ രൂപത സന്ദർശിച്ചു. ഏപ്രിൽ 4–ാം തീയതി രാവിലെ രൂപതാദ്ധ്യക്ഷൻ ഡോ.ജോസഫ് മാർ തോമസ് തിരുമേനിയും ബഹു. വൈദികരും ചേർന്ന് കാതോലിക്കാബാവാ തിരുമേനിയെ സ്വീകരിച്ചു. സന്ദർശന വേളയിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരമുള്ള പൊതുപരിപാടികളിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ സാന്നിധ്യവും പ്രോത്സാഹനവും രൂപതയിലെ വിവിധ അജപാലന പ്രവർത്തനങ്ങളെ ബലപ്പെടുത്തുവാൻ സഹായകമായി.

### 7–ാം മത് വയനാട് ബൈബിൾ കൺവെൻഷൻ

ബത്തേരി മലങ്കര കത്തോലിക്കാ രൂപതകളുടെയും വിവിധ ക്രൈസ്തവ കൂട്ടായ്മകളുടെയും സഹകരണത്തോടെ ഏഴാമത് വയനാട് ബൈബിൾ കൺവെൻഷൻ സെന്റ് തോമസ് മലങ്കര സുറിയാനി കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് സംഘടിപ്പിച്ചു. മാർച്ച് 15–ാം തീയതി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി ഉദ്ഘാടനം ചെയ്ത കൺവെൻഷൻ മാർച്ച് 17–ാം തീയതി ഞായറാഴ്ച സമാപിച്ചു. വചനപ്രഘോഷണരംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. ബെന്നി പുന്നത്തറയുടെ നേതൃത്വത്തിലുള്ള ശാലോം ടീമാണ് കൺവെൻഷൻ നയിച്ചത്.

### അജപാലന സമിതി മീറ്റിംഗ്

രൂപതയിലെ അജപാലന സമിതിയിലെ അംഗങ്ങളുടെ മീറ്റിംഗ് അരമന ഓഡിറ്റോറിയത്തിൽ വച്ച് മാർച്ച് 17–ാം തീയതി അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ സഭാ അസംബ്ലി, റൂബി ജൂബിലി, രൂപതയിലെ അജപാലന വിദ്യാഭ്യാസ മേഖലയിലെ പുതിയ സാധ്യതകളും വെല്ലുവിളികളും, ഭക്തസംഘടനകളുടെ പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു.

### പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗ്

രൂപതയിലെ പ്രസ്ബിറ്റൽ കൗൺസിൽ അംഗങ്ങളുടെ യോഗം മാർച്ച് 12–ാം തീയതി തിങ്കളാഴ്ച അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. രൂപതയിലെ അജപാലന

പ്രവർത്തനങ്ങളിൽ വരുത്തേണ്ട പുതിയ സമീപനത്തെക്കുറിച്ചും ജി.എസ്.ടി.യുടെ വിവിധ വശങ്ങളെക്കുറിച്ചും പ്രസ്തുത മീറ്റിംഗിൽ ചർച്ച ചെയ്തു.

## കൂരിയാ മീറ്റിംഗ്

മാർച്ച് മാസത്തെ കൂരിയാ മീറ്റിംഗ് 19-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 7 മണിക്ക് ആരാധനയോടും സന്ധ്യാപ്രാർത്ഥനയോടും കൂടി ആരംഭിച്ചു. വൈകിട്ട് 9 മണിക്ക് ആരംഭിച്ച മീറ്റിംഗിൽ രൂപതയുടെ പൊതുപ്രവർത്തന ങ്ങളെക്കുറിച്ച് റൂബി ജൂബിലി ആഘോഷം, വിദ്യാഭ്യാസ മേഖലയിൽ സ്വീകരിക്കേണ്ട മാറ്റങ്ങൾ തുടങ്ങിയവ ചർച്ച ചെയ്തു.

## ബർസാർമാരുടെ മീറ്റിംഗ്

ബത്തേരി രൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബർസാർ മാരുടെയും അക്കൗണ്ടന്റുമാരുടെയും മീറ്റിംഗ് മാർച്ച് 13-ാം തീയതി അരമനയിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പാലിക്കേണ്ട സാമ്പത്തിക ക്രമീകരണങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

## റീജിണൽ ബിഷപ്സ് കോൺഫറൻസ്

മാർച്ച് 21, 22 തീയതികളിൽ താമരശ്ശേരി ബിഷപ്സ് ഹൗസിൽ നടന്ന റീജിണൽ ബിഷപ്സ് കോൺഫറൻസിൽ അഭിവന്ദ്യ ഡോ.ജോസഫ് മാർ തോമസ് തിരുമേനി പങ്കെടുത്തു.

## ഫലസമൃദ്ധി 2018 ന് ഉജ്ജ്വല തുടക്കം

മിജാർക്-കെ.സി.വൈ.എം. സംയുക്തമായി നടത്തുന്ന 'ഫലസമൃദ്ധി 2018' സംസ്ഥാനതല പദ്ധതിക്ക് സുൽത്താൻ ബത്തേരിയിൽ ആവേശോ ജ്ജ്വലമായ തുടക്കം. ബത്തേരി രൂപതയുടെ സോഷ്യൽ സർവ്വീസ് സംഘടനയായ ശ്രേയസ്സിൽ നടന്ന ചടങ്ങിൽ പദ്ധതിയുടെ ഉദ്ഘാടനം മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യുന്നത കർദ്ദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവ നിർവ്വഹിച്ചു. ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. വിഷരഹിത ഫലങ്ങൾ-ആരോഗ്യമുള്ള ജനത എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

## ഐക്യദാർഢ്യം പ്രഖ്യാപിച്ചു

വന്യജീവികളുടെ ആക്രമണത്തിൽ വലയുന്ന വടക്കനാട് കർഷകരു ടെയും വയനാട്ടിലെ മറ്റ് പ്രദേശങ്ങളിലെയും ജനവാസ പ്രദേശങ്ങളിൽ കൽഭിത്തി കെട്ടി സംരക്ഷണം നൽകണം, വന്യജീവികളുടെ ആക്രമണ ത്തിൽ ബാധിക്കപ്പെട്ടവർക്ക് ഉചിതമായ സാമ്പത്തിക സഹായം വർദ്ധി പ്പിച്ചു നൽകണം എന്ന് ആവശ്യപ്പെട്ട് കർഷകർ നടത്തിയ നിരാഹാര സമര

ത്തിന് രൂപത ഐക്യദാർഢ്യം പ്രഖ്യാപിച്ചു. മാർച്ച് 17-ാം തീയതി അസംപ്ഷൻ ജംഗ്ഷനിൽ ആരംഭിച്ച സമരറാലി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ രൂപതയിലെ ഭക്തസംഘടനകളും വിദ്യാഭ്യാസ സ്ഥാപനവും മറ്റ് സാമൂഹിക സംരഭങ്ങളും സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും പ്രകടനം നയിക്കുകയും സമരക്കാരെ സന്ദർശിക്കുകയും ചെയ്തു.

## കെ.സി.ബി.സി. യുവജന ധ്യാനം

കെ.സി.ബി.സി. യുവജന കമ്മീഷന്റെ ആത്മീയ നേതൃത്വത്തിൽ ഏപ്രിൽ 2 മുതൽ 6 വരെയുള്ള തീയതികളിൽ നടത്തിയ യുവജന ധ്യാനം അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി ഉദ്ഘാടനം ചെയ്യുകയും ഏപ്രിൽ 2-ാം തീയതി പരി. കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിക്കുകയും, യുവജനധ്യാനത്തിന് ആശംസ നേരുകയും ചെയ്തു.

## പ്രൊഫ. ടി. മോഹൻ ബാബു ഫൗണ്ടേഷൻ ലൈബ്രറി ഉദ്ഘാടനം

ബത്തേരി രൂപതയിലെ വിദ്യാഭ്യാസ ശുശ്രൂഷയിൽ ദീർഘകാലം നേതൃത്വം നൽകുകയും അഞ്ചു വർഷം അൽഫോൻസ കോളേജിന്റെ പ്രിൻസിപ്പൽ സ്ഥാനത്തുനിന്ന് വിരമിക്കുന്ന ബഹു. ടി. മോഹൻ ബാബു സാറിനോടുള്ള ബഹുമാനാർത്ഥം കോളേജിൽ ആരംഭിക്കുന്ന പ്രൊഫ. ടി. മോഹൻബാബു ഫൗണ്ടേഷൻ ലൈബ്രറി കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്ക ബാവ ഉദ്ഘാടനം ചെയ്തു. പ്രസ്തുത ചടങ്ങിൽ അഭിവന്ദ്യ ഡോ.ജോസഫ് മാർ തോമസ് തിരുമേനി മോഹൻബാബു സാറിന്റെ വിദ്യാഭ്യാസ ശുശ്രൂഷക്ക് നന്ദി പ്രകാശിപ്പിച്ചു.

## രജതജൂബിലി ആഘോഷം – കൊയിലേരി

കൊയിലേരി സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയുടെ രജതജൂബിലി സമാപനം നടന്നു. ഏപ്രിൽ 5 വ്യാഴാഴ്ച വൈകിട്ട് 3.30 ന്, മലങ്കര സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവയ്ക്കും ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായ്ക്കും സ്വീകരണം നൽകി. അഭിവന്ദ്യ കാതോലിക്കാബാവായുടെ കാർമ്മികത്വത്തിൽ നടന്ന കൃതജ്ഞതാബലിയർപ്പണത്തിന് ശേഷം നടന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

## പ്രധാന അധ്യാപക ഇന്റർവ്യൂ

എൽ. പി., യു. പി. പ്രധാന അധ്യാപക ഒഴിവിലേയ്ക്കുള്ള പ്രധാന

അധ്യാപകർക്ക് വേണ്ടിയുള്ള ഇന്റർവ്യൂ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനിയുടെ നേതൃത്വത്തിൽ മാർച്ച് 7-ാം തീയതി അരമനയിൽ വച്ച് നടത്തി. പുതിയ പ്രിൻസിപ്പൽമാരായി ശ്രീ. തോമസ്സ് നാച്ചേരി, ശ്രീമതി മോനി എന്നിവർ നിയോഗിക്കപ്പെട്ടു.

## ഗുരുകുലം സെമിനാരി

### ദൈവവിളി ക്യാമ്പ്

2018 മെയ് 7, 8, 9 തീയതികളിലായി ഗുരുകുലം മൈനർ സെമിനാരിയിൽ വച്ച് ദൈവവിളി ക്യാമ്പ് നടത്തപ്പെടുന്നതാണ്. ഹൈസ്കൂൾ മുതലുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുവാൻ ഇടവക വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

### സെമിനാരി സന്ദർശനം

2017-2018 അദ്ധ്യായനവർഷ സമാപനത്തോടനുബന്ധിച്ച് അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി മാർച്ച് 18-ാം തീയതി സെമിനാരി സന്ദർശിക്കുകയും സെമിനാരി വിദ്യാർത്ഥികളുമായി സ്നേഹസംഭാഷണത്തിലേർപ്പെടുകയും ചെയ്തു.

### വൈദീക വസ്ത്രം സ്വീകരിച്ചു

പ്രായോഗിക പരിശീലനം പൂർത്തിയാക്കിയ ബ്ര. മാത്യു ചൂരക്കുഴി, ബ്ര.ഗീവർഗ്ഗീസ് പുത്തുക്കാട്ടിൽ, ബ്ര.കുര്യാക്കോസ് പടിക്കമാലിൽ, ബ്ര.മാത്യു പാലക്കപ്രായിൽ എന്നിവർ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനിയിൽ നിന്ന് മാർച്ച് 19-ാം തീയതി വൈദീക വസ്ത്രം സ്വീകരിച്ചു.

### തത്വശാസ്ത്ര പഠനം പൂർത്തിയാക്കി

തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ തത്വശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കി പ്രായോഗിക പരിശീലനത്തിനായി ബഹുമാനപ്പെട്ട ബ്ര.പീറ്റർ മുല്ലക്കാട്ടിൽ, ബ്ര.കുര്യാക്കോസ് പൂവത്തുംകുന്നേൽ, ബ്ര.കുര്യാക്കോസ് മാതാപ്പാറ എന്നിവർ ഗുരുകുലം മൈനർ സെമിനാരിയിൽ തിരിച്ചെത്തി.

## മാതൃജ്യോതിസ്

### വിവാഹ ഒരുക്ക സെമിനാർ

മാർച്ച് 22, 23, 24 തീയതികളിൽ ബത്തേരി ശ്രേയസ് ഓഡിറ്റോറിയത്തിൽ വെച്ച് വിവാഹ ഒരുക്ക സെമിനാർ നടന്നു. വിവിധ സഭാസമൂഹങ്ങളിൽ നിന്നും സഭാവിഭാഗങ്ങളിൽ നിന്നുമായി 51 പേർ പങ്കെടുത്തു.

## പുനർജ്ജനി 2018

മാതൃജ്യോതിസ് ബത്തേരി രൂപതാ കർമ്മവീഥി- 'പുനർജ്ജനി' 2018-മാർച്ച് 10ന് പാട്ടവയൽ ദൈവാലയത്തിൽ വെച്ച് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി പ്രകാശനം ചെയ്തു. മാതൃജ്യോതിസ് നീലഗിരി മേഖലാ വനിതാ ദിനാചരണ ത്തോടനുബന്ധിച്ചാണ് നടന്നത്.

## എം.സി.വൈ.എം

### നീതിക്ക് വേണ്ടിയുള്ള യുവജന ശബ്ദം

കാഞ്ഞിരാലിൽ കുടുംബത്തിന് നീതി ലഭിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടന്ന നിരാഗ്രഹ സമരത്തിന് ഐക്യദാർഢ്യം അറിയിച്ചുകൊണ്ട് ബത്തേരി രൂപതാ സമിതി സമരത്തിൽ പങ്കുചേർന്നു രൂപതാ ഡയറക്ടർ റവ. ഫാ.ജോർജ് കോടാനൂർ, പ്രസിഡന്റ് ശ്രീ. വിൻസന്റ് മണ്ണിത്തോട്ടം എന്നിവർ സംസാരിച്ചു.

### ചീങ്ങേരി കുരിശുമല തീർത്ഥാടനം

24-03-2018 ന് എം.സി.വൈ.എം. ബത്തേരി രൂപത സമിതിയും കൽപ്പറ്റ മേഖലയും സംയുക്തമായി നടത്തിയ കുരിശിന്റെ വഴിക്ക് സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയം ചീങ്ങേരിയും സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയം കൊളഗപ്പാറയും ആതിഥേയത്വം വഹിച്ചു. കുരിശിന്റെ വഴി രൂപത മേഖല ഭാരവാഹികൾക്ക് കുരിശ് നൽകികൊണ്ട് രൂപത ഡയറക്ടർ റവ.ഫാ. ജോർജ് കോടാനൂർ ഉദ്ഘാടനം ചെയ്തു. ജില്ലാ വികാരി വെരി.റവ. തോമസ് മണ്ണിത്തോട്ടം ആമുഖസന്ദേശം നൽകിയ കുരിശിന്റെ വഴിക്ക് റവ. ഫാ.ഡേവിഡ് ആലുങ്കൽ, റവ.ഫാ.വർഗീസ് പന്തപള്ളി, റവ. ഫാ. എൽദോ കാഞ്ഞിരമലയിൽ, ശ്രീ. ജോയ് കാവുങ്ങൽ, ശ്രീമതി മോളി ജേക്കബ്, കുമാരി ലിജിൽമ മാത്യു രൂപത മേഖല ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകുകയും റവ. ഫാ.ജോർജ്ജ് പൊക്കത്തായിൽ സമാപനാശീർവാദം നൽകുകയും ചെയ്തു.

### യുവജന വർഷം ഉദ്ഘാടനം

ഓശാന ഞായറാഴ്ച പാക്കം മലങ്കര കത്തോലിക്കാ ദേവാലയത്തിൽ യുവജന വർഷം ഉദ്ഘാടനം നടത്തി. വി. കുർബാനയ്ക്ക് ശേഷം രൂപത ഡയറക്ടർ റവ. ഫാ.ജോർജ്ജ് കോടാനൂർ പതാക ഉയർത്തുകയും ശ്രീ.വിൻസെന്റ് മണ്ണിത്തോട്ടം റവ.സി. ജെയിൻ ഫ്രാൻസിസ് എന്നിവർ സംസാരിച്ചു.

### പ്രതീക്ഷ 2018 - കർമ്മവീഥി പ്രകാശനം

എം.സി.വൈ.എം. ബത്തേരി രൂപതയുടെ ഈ വർഷത്തെ കർമ്മവീഥി മലങ്കര സഭയുടെ തലവനും പിതാവുമായ അത്യുന്നത കർദ്ദിനാൾ മോറാൻ

മോർ ബസേലിയോസ് മാർ ക്ലീമീസ് കത്തോലിക്കാ ബാവ രൂപത ഡയറക്ടർ റവ. ഫാ. ജോർജ്ജ് കോടാനൂരിന് നൽകികൊണ്ട് പ്രകാശനം ചെയ്തു. ബത്തേരി രൂപതാദ്ധ്യക്ഷൻ ഡോ.ജോസഫ് മാർ തോമസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു.

**അറിയിപ്പ്**

**ഏപ്രിൽ 27, 28, 29 നേതൃത്വപരിശീലനക്യാമ്പ്**

(തിരുവനന്തപുരം അതിഭദ്രാസനം)

## വിശ്വാസപരിശീലനം

### രണ്ടാം സെമസ്റ്റർ പരീക്ഷ

രണ്ടാം സെമസ്റ്റർ പരീക്ഷ ഏപ്രിൽ 8-ാം തീയതി 2 മുതൽ 5 വരെ അതാത് ഇടവകകളിൽ നടത്തപ്പെടുന്നതാണ്.

### പരീക്ഷകൾ

4 മുതൽ 9 വരെ ക്ലാസ്സുകളുടെ സ്കോളർഷിപ്പ് പരീക്ഷയും 10, 11, 12 ക്ലാസ്സുകളുടെ വാർഷികപരീക്ഷ യൂണിവേഴ്സിറ്റി പരീക്ഷ 2018 ഏപ്രിൽ 29-ന് 2 മുതൽ 5 വരെ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നതാണ്.

### എം.ബി.ഒ.സി. ക്യാമ്പ്

ഈ വർഷത്തെ എം. ബി. ഒ. സി. ക്യാമ്പ് ഏപ്രിൽ മുതൽ മെയ് വരെ വിവിധ ഇടവകകളിൽ വച്ച് നടത്തപ്പെടുന്നതാണ്.

## എം. സി. എ.

### എം. സി. എ. നേതൃത്വ പരിശീലനവും കർമ്മപരിപാടി പ്രകാശനവും

എം. സി. എ. രൂപതാ നേതൃസംഗമവും 2018 വർഷത്തെ കർമ്മപരിപാടി കളുടെ പ്രകാശനവും ഏപ്രിൽ 5 ന് വ്യാഴാഴ്ച ബത്തേരി സെന്റ് തോമസ് പഴയ കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് നടന്നു. മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യുന്നത കർദ്ദിനാൾ മോറാൻ മോർ ബസ്സേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ കർമ്മപരിപാടികളുടെ പ്രകാശനവും നേതൃത്വ പരിശീലനത്തിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു. എം.സി.എ. രൂപതാ പ്രസിഡന്റ് ശ്രീ. എ. വി. മത്തായി അടിയോളിൽ സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. എം. സി. എ. വൈദിക ഉപദേഷ്ടാവ് ബഹു. റവ. ഫാ. ജോർജ്ജ് പൊക്കത്തായിൽ ആമുഖ പ്രഭാഷണം നടത്തി. രൂപതാ അദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി മുഖ്യപ്രഭാഷണം നടത്തി. വിവിധ മേഖലകളിൽ നിന്നുമായി 250-ൽ ഏറെ പ്രതിനിധികൾ സംബന്ധിച്ചു.

## ലൈറ്റ് 2018

എം. സി. എ. കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്കായി നടത്തുന്ന കരിയർ ഗൈഡൻസ് കോഴ്സിനു മുന്നോടിയായി 3 – 4 – 2018 ന് നടത്തിയ രൂപതാ എൻട്രൻസ് പ്രവേശന പരീക്ഷയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള പരിശീലനം, ലൈറ്റ്–2018 തിരുവനന്തപുരം റിനീവൽ സെന്ററിൽ വച്ച് ഏപ്രിൽ 14 മുതൽ 18 വരെയുള്ള തീയതികളിൽ നടത്തപ്പെടുകയാണ്. ഏപ്രിൽ 14 ന് ഉച്ചയ്ക്ക് ആരംഭിക്കുന്ന കോഴ്സ് ഏപ്രിൽ 18 ന് വൈകുന്നേരം സമാപിക്കുന്നതാണ്. പങ്കെടുത്ത വിദ്യാർത്ഥികൾ 1000/– രൂപ രജിസ്ട്രേഷൻ ഫീസ് നൽകേണ്ടതാണ്. കോഴ്സിന് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളെ വിശദവിവരം നേരിൽ അറിയിക്കുന്നതാണ്.

# സുവിശേഷസംഘം

## സുവിശേഷസംഘ രൂപതാ പരിശീലനം

സുവിശേഷ സംഘ രൂപതാ, സഭാതലങ്ങളിൽ പരിശീലനം നേടി കൈവെപ്പു ലഭിച്ചവരുടെ രൂപതാതല പരിശീലനം 2018 ഏപ്രിൽ 18, 19 തീയതികളിൽ കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നു. സുവിശേഷസംഘം സഭാതല ഡയറക്ടർ റവ. ഡോ. ആന്റണി കാക്കനാട്ടാണ് പരിശീലനത്തിന് നേതൃത്വം നൽകുന്നത്. സഭ, രൂപതാതലങ്ങളിൽ പരിശീലനം നേടി കൈവെപ്പു ലഭിച്ച സുവിശേഷ സംഘാംഗങ്ങളെല്ലാവരും ഈ പരിശീലനത്തിൽ പങ്കെടുക്കണമെന്ന് പ്രത്യേകം അറിയിക്കുന്നു.

## അറിയിപ്പ്

### വൈദിക പൊതുയോഗവും, അജപാലന പ്രവർത്തനങ്ങളുടെ അവലോകനവും

2017–2018 വർഷത്തെ ബത്തേരി രൂപതയിലെ വൈദീകരുടെ പൊതുയോഗവും, അജപാലനപ്രവർത്തനങ്ങളുടെ അവലോകനവും 2018 മെയ് 28, 29, 30 തീയതികളിൽ ബത്തേരി അരമനയിൽ വെച്ച് ക്രമീകരിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട വൈദീകർ ഇടവകകളുടെ/ സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ട് പ്രസ്തുത മീറ്റിങ്ങിൽ അവതരിപ്പിക്കേണ്ടതും റിപ്പോർട്ടിന്റെ ഒരു കോപ്പി ചാൻസിലറുടെ ഓഫീസിൽ നൽകേണ്ടതുമാണ്.

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് മാത്യു വെട്ടിക്കാട്ട്**

ചാൻസിലർ, ബത്തേരി രൂപത

## ശ്രേയസ്

### സിറിൾ മാർ ബസേലിയോസ് മെമ്മോറിയൽ പുരസ്കാര സമർപ്പണം

സീറോ മലങ്കര കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവക്ക് കേരളത്തിലെ സാമൂഹ്യ - സാംസ്കാരിക-വികസന രംഗത്ത് മികച്ച സംഭാവനകൾ നൽകുന്നവർക്ക് ബത്തേരി രൂപതയിലെ സാമൂഹ്യവികസന പ്രസ്ഥാനായ ശ്രേയസ് നൽകുന്ന സിറിൾ മാർ ബസേലിയോസ് മെമ്മോറിയൽ പുരസ്കാര സമർപ്പണവും കർഷകസംഗമവും കെ. സി. വൈ. എം. മിജാർക്ക് സംസ്ഥാനതല ഉദ്ഘാടനവും 2018 എപ്രിൽ 4-ന് വൈകുന്നേരം 3.30ന് സുൽത്താൻ ബത്തേരി ശ്രേയസ്സിൽ നടത്തപ്പെട്ടു. കെ. സി. വൈ. എം. ചെയർമാൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

### വനിത ദിനാചരണം

ശ്രേയസ്സിന്റെ നേതൃത്വത്തിൽ ശ്രേയസ്സിന്റെ എല്ലാ മേഖലകളിലും വനിതാ ദിനാചരണം നടത്തപ്പെട്ടു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി ബത്തേരി, നീലഗിരി തുടങ്ങിയ മേഖലകളിൽ വനിത ദിനാചരണം ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികൾ, ശ്രേയസ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഇടയത്ത്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. തോമസ് പുനമഠത്തിൽ, മേഖലാ-യൂണിറ്റ് ഡയറക്ടർമാർ, ശ്രേയസ് സ്റ്റാഫംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. 3000 ഓളം പേർ വനിത ദിനാഘോഷത്തിൽ പങ്കെടുത്തു.

### എൻ.സി.ഡി.പി.ഡി ട്രെയിനിംഗ്

തൊഴിൽരഹിതരായ ഗ്രാമീണ വനിതകൾക്ക് സ്ഥിരമായ തൊഴിലും വരുമാനവും എന്ന ലക്ഷ്യത്തോടെ ശ്രേയസിന്റെ നേതൃത്വത്തിൽ നാഷണൽ സെന്റർ ഫോർ ഡിസൈൻ ആൻഡ് പ്രോഡക്ട് ഡെവലപ്പ്മെന്റ് സഹകരണത്തോടെ 90 ദിവസത്തെ നാച്ചുറൽ ഫൈബർ പരിശീലനം 300 രൂപ സ്റ്റൈഫന്റോടുകൂടി ശ്രേയസ്സിൽ നടത്തിവരുന്നു. ഡിസൈനർ ശ്രീമതി അഞ്ജു സൂസൻ 40 പേർക്ക് പരിശീലനത്തിന് നേതൃത്വം നൽകുന്നു.

### പോസ്റ്റ് എക്സിറ്റ് പ്രോഗ്രാം

നബാർഡ് വാഡി പ്രൊജക്ടിന്റെ ഭാഗമായി പോസ്റ്റ് എക്സിറ്റ് പ്രോഗ്രാം സംഘടിപ്പിച്ചു. നെന്മേനി, ബത്തേരി, നൂൽപ്പുഴ തുടങ്ങിയ പഞ്ചായത്തുകളിൽ പരിപാടി നടത്തപ്പെട്ടു.

## നേത്ര പരിശോധന ക്യാമ്പ്

ശ്രേയസ് നിലമ്പൂർ മേഖലയുടെ മാമാങ്കര യൂണിറ്റും, അൽഷലാമ കണ്ണാശുപത്രി പെരിന്തൽമണ്ണ തുടങ്ങിയവയുടെ നേതൃത്വത്തിൽ നേത്ര പരിശോധന ക്യാമ്പ്സംഘടിപ്പിച്ചു. അൽഷലാമ കണ്ണാശുപത്രി വിദഗ്ധ ഡോക്ടർമാർ പരിശോധനക്ക് നേതൃത്വം നൽകി. 150 പേർ പങ്കെടുത്തു.

## വസ്ത്ര ബാങ്ക്

ശ്രേയസ് പുൽപ്പള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ വസ്ത്രമില്ലാത്ത ആളുകൾക്ക് വസ്ത്രം എത്തിക്കുക എന്ന ലക്ഷ്യത്തോടെ യൂണിറ്റിന്റെ വിവിധ സ്വാശ്രയ സംഘങ്ങളുടെ സഹകരണത്തോടെ ഡ്രെസ് ബാങ്ക് ആരംഭിച്ചു. വെരി. ഫാ. ടോണി കോഴിമണ്ണിൽ അദ്ധ്യക്ഷ വഹിച്ച ചടങ്ങിന്റെ ഉദ്ഘാടനം പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ദിലീപ് കുമാർ ഉദ്ഘാടനം ചെയ്തു.

## ആരോഗ്യ ബോധവത്കരണ സെമിനാർ

ശ്രേയസ് നീലഗിരി മേഖലയുടെ മാങ്ങോട്, കയ്യൂന്നി തുടങ്ങിയ യൂണിറ്റുകളുടെ നേതൃത്വത്തിൽ ആരോഗ്യ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. ജീവിതശൈലിരോഗങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. ജെയിംസ്, ശ്രീ. എസ്റ്റർ തുടങ്ങിയവർ ക്ലാസ് നയിച്ചു.

## ആശാകിരണം കാൻസർ നിർണയ ക്യാമ്പ്

ശ്രേയസ് കണ്ണൂർ മേഖലാ ആശാകിരണം പദ്ധതിയുടെ ഭാഗമായി മലബാർ കാൻസർ സൊസൈറ്റിയുമായി സഹകരിച്ച് കാൻസർ രോഗ നിർണയക്യാമ്പ് സംഘടിപ്പിച്ചു. കണ്ണൂർ മേഖലാ കോർഡിനേറ്റർ ശ്രീ. സാജൻ വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. മലബാർ കാൻസർ സൊസൈറ്റി ഹോസ്പിറ്റലിലെ വിദഗ്ധ ഡോക്ടർമാർ പരിശോധനക്ക് നേതൃത്വം നൽകി.

## മെഡിക്കൽ ക്യാമ്പ്

ബത്തേരി-മീനങ്ങാടി മേഖലയുടെയും, മേപ്പാടി ആരോഗ്യ കേന്ദ്രത്തിന്റെയും നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. വാർഡ്മെമ്പർ ശ്രീ. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. ഗർഭാശയ കാൻസർ, അസ്ഥി രോഗം, ജീവിതശൈലിരോഗങ്ങൾ, നേത്രപരിശോധന, ഷുഗർ, കൊളസ്ട്രോൾ, പ്രഷർ ചെക്കപ്പ് തുടങ്ങിയവ പരിശോധന നടത്തി. മലബാർ കാൻസർ സെന്ററിലെ ഡേക്ടർമാർ പരിശോധനക്ക് നേതൃത്വം നൽകി.

# ഉന്നതവിദ്യാഭ്യാസവേദി

## മാർ ബസേലിയോസ് കോളേജ്, ബത്തേരി

### വനിതാദിനം ആഘോഷിച്ചു

അന്താരാഷ്ട്ര വനിതാദിനം സുൽത്താൻ ബത്തേരി മാർ ബസേലിയോസ് കോളേജ് സമുചിതമായി ആഘോഷിച്ചു. പുൽപ്പള്ളി പഴശ്ശിരാജാ കോളേജ് സെൽഫ് ഫിനാൻസിംഗ് വിഭാഗം കോർഡിനേറ്ററും സാമൂഹ്യ പ്രവർത്തകയുമായ പ്രൊഫ. താരാ ഫിലിപ്പ് ചടങ്ങ് ഉദ്ഘാടനം ചെയ്തു.

### കോളേജ് ഡേയും യാത്രയയപ്പും

മാർ ബസേലിയോസ് കോളേജ് വാർഷികവും പരിശീലനം പൂർത്തിയാക്കിയ അധ്യാപക വിദ്യാർത്ഥികളുടെ യാത്രയയപ്പും 23/03/2018 ന് കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. രൂപത പ്രൊക്യുറേറ്റർ വെരി റവ. ഫാ. സാമുവേൽ പുതുപ്പാടി അധ്യക്ഷത വഹിച്ച ചടങ്ങ് ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി ഉദ്ഘാടനം ചെയ്തു.

### നൂറ് ശതമാനം വിജയം

ഡി.എഡ്. മൂന്നാം സെമസ്റ്റർ പരീക്ഷയിൽ മാർ ബസേലിയോസ് ഐ. റ്റി. ഇ. വിദ്യാർത്ഥികൾ 100 ശതമാനം വിജയം നേടി. വിദ്യാർത്ഥികളെ കോളേജിൽ നടത്തിയ ചടങ്ങിൽ അനുമോദിച്ചു.

## അൽഫോൻസ ആർട്സ് & സയൻസ് കോളേജ്, ബത്തേരി

### കോളേജ് ഡേ

28-3-2018 ന് കോളേജ് ഡേ വിവിധ കലാപരിപാടിയോടെ നടത്തപ്പെട്ടു. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. മോഹൻ ബാബു സാർ അദ്ധ്യക്ഷത വഹിച്ച സമ്മേളനം കോളേജ് ബർസാർ റവ. ഫാ. തോമസ് തുണ്ടിയിൽ ഉദ്ഘാടനം ചെയ്തു.

### പുതിയ നിയമനം

അൽഫോൻസ കോളേജിൽ പുതിയ പ്രിൻസിപ്പാളായി പ്രൊഫ. എ. വി. തരിയത് സാറിനെയും വൈസ് പ്രിൻസിപ്പാളായി റവ. ഫാ.തോമസ് തുണ്ടിയിലിനെയും അഭിവന്ദ്യ പിതാവ് നിയമിച്ചു.

## ഫാത്തിമ ആർട്സ് & സയൻസ് കോളേജ്, മൂത്തേടം

ഫാത്തിമ കൾച്ചറൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഫുഡ് ഫെസ്റ്റ് നടത്തി. കപ്പയിൽ നിന്നും 100-ൽ അധികം രുചികരമായ വിഭവങ്ങൾ കുട്ടികൾ പാകം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ ഡോ. രവീന്ദ്രൻ പിള്ള ഉദ്ഘാടനം

ചെയ്തു. ബർസാർ റവ. ഫാ. വർഗീസ് കൊല്ലമാവുടി, ശ്രീ. സാബു പൊൻവേലിൽ, ശ്രീ. കെ. വി. രാജൻമാസ്റ്റർ എന്നിവർ പ്രസംഗിച്ചു.

### വിദ്യാർത്ഥിനികൾ തലമുടി ദാനം ചെയ്തു

മൂത്തേടം ഫാത്തിമ ആർട്സ് ആന്റ് സയൻസ് കോളേജിൽ വിദ്യാർത്ഥിനികൾ അർബുദരോഗികൾക്കായി മുടി ദാനം ചെയ്തു. സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി രക്തദാനം, വസ്ത്രബാങ്ക് രൂപവത്ക്കരണം, നേത്രപരിശോധനാക്യാമ്പ് എന്നിവയും നടത്തി.

### ലൈബ്രറി ഉദ്ഘാടനം

മൂത്തേടം ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിച്ച ലൈബ്രറി ബ്ലോക്കിന്റെ ഉദ്ഘാടന കർമ്മം ബത്തേരി രൂപതാ അദ്ധ്യക്ഷൻ അഭി. ഡോ. ജോസഫ് മാർ തോമസ് തിരുമേനി നിർവ്വഹിച്ചു.

## ഐടെക് ബത്തേരി

### സ്പോർട്സ് ഫെസ്റ്റ്

വിദ്യാർത്ഥികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനായി 3-3-2018 ന് സെന്റ് ജോസഫ് സ്കൂൾ ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെട്ട സ്പോർട്സ് ഫെസ്റ്റിൽ സുൽത്താൻ ബത്തേരി സബ് ഇൻസ്പെക്ടർ ശ്രീ. അജേഷ് കുമാർ ഉദ്ഘാടനം ചെയ്യുകയും ബത്തേരി രൂപത മുഖ്യ വികാരി ജനറാൾ വെരി.റവ.മോൺ മാത്യു അറമ്പൻകുടി സമ്മേളനത്തിന് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. തുടർന്നു നടന്ന സ്പോർട്സ് ഫെസ്റ്റിനു റവ. ഫാ. അബ്രഹാം ആശാരി പറമ്പിൽ, പ്രിൻസിപ്പാൾമാർ, സ്റ്റാഫ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

### ഏകദിന സെമിനാർ

'ഇന്നത്തെ യുവത്വം' എന്ന വിഷയത്തെ ആസ്പദമാക്കി 8-3-18 ന് മാർ ഈവാനിയോസ് ഓഡിറ്റോറിയത്തിൽ വച്ച് ഐടെക്ക് വിദ്യാർത്ഥികൾക്കായി ഒരു ഏകദിന സെമിനാർ നടത്തപ്പെടുകയുണ്ടായി.

## ഗുരുദേവ് ആർട്സ് & സയൻസ് കോളേജ്, മാത്തിൽ

### യാത്രയയപ്പ് നൽകി

ഗുരുദേവ് ആർട്സ് & സയൻസ് കോളേജിൽ നിന്നും വിട്ടുപോകുന്ന അധ്യാപകരായ ശ്രീ. അജേഷ് കെ.വി., ശ്രീ. മോഹനകുമാർ എം. പി. എന്നിവർക്ക് കോളേജ് മാനേജ്മെന്റ് & സ്റ്റാഫിന്റെ ആഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകി. കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്ന ചടങ്ങിൽ സ്റ്റാഫ് കോർഡിനേറ്റർ ശ്രീ. മധുസൂദനൻ സ്വാഗതം പറഞ്ഞു. പ്രിൻസിപ്പൽ പ്രൊഫ. വേലായുധൻ നമ്പ്യാർ അധ്യക്ഷത വഹിച്ചു.

## പഴശ്ശിരാജ കോളേജ്, പുൽപ്പള്ളി

### യാത്രയയപ്പ് നൽകി

പുൽപ്പള്ളി പഴശ്ശി രാജാ കോളേജിൽ മുപ്പതു വർഷത്തോളം സേവനമനുഷ്ഠിച്ച ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് മേധാവി ആയിരുന്ന പ്രൊഫ. രാജഗോപാലൻ സാറിനും ഓഫീസ് സ്റ്റാഫുകളായിരുന്ന ശ്രീമതി ശോഭന വി. ക്കും ശ്രീ. സുകുമാരൻ നായർ പി.ജി. ക്കും മാർച്ച് 16 നു യാത്രയയപ്പു നൽകി. അന്നേദിവസം നടന്ന യാത്രയയപ്പു സമ്മേളനത്തിൽ മുഖ്യ അതിഥികളായി ബത്തേരി രൂപതാ മുഖ്യവികാരി ജനറാൾ വെരി. റവ. മോൺ. മാത്യു അറമ്പൻകുടി, വെരി. റവ. ഫാ. തോമസ് കാഞ്ഞിരമുകളിൽ, പ്രിൻസിപ്പൽ ഡോ.എ.ഒ. റോയ്, ബർസാർ റവ. ഫാ. ജോർജ്ജ് ആലുംമൂട്ടിൽ, സ്വാശ്രയ വിഭാഗം ഡയറക്ടർ പ്രൊഫ. താര ഫിലിപ്പ് എന്നിവർ സംസാരിച്ചു.

## സെന്റ് തോമസ് എ.എൽ.പി.സ്കൂൾ, പുത്തൻകുന്ന്

### മികവുത്സവം

പുത്തൻകുന്ന് സെന്റ് തോമസ് എ. എൽ. പി. സ്കൂളിൽ 28-3-2018 ന് മികവുത്സവം നടത്തി. പി. ടി. എ. പ്രസിഡന്റ് ശ്രീ. മുജീബ് ഉദ്ഘാടനം ചെയ്തു. വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളായി മാറണം എന്ന ലക്ഷ്യം സാക്ഷാത്കരിക്കലാണ് മികവുത്സവത്തിലൂടെ പ്രതീക്ഷിക്കുന്നത്. കുട്ടികൾക്ക് വായനാകാർഡുകൾ നൽകിയും, വിവിധ ശാസ്ത്രീയ പരീക്ഷണങ്ങൾ നടത്തിയും, കവിത വായിച്ച് അർത്ഥം മനസ്സിലാക്കി കഥകളാക്കി മാറ്റാനും കുട്ടികൾക്ക് എത്രമാത്രം കഴിവ് നേടിയെന്ന് മനസ്സിലാക്കാനും മികവുത്സവത്തിലൂടെ കഴിയുന്നു.

### ആദരിച്ചു

ഡോ. സുനിൽ സാറിനെ അഭിവന്ദ്യ തിരുമേനി ആദരിച്ചു. ബത്തേരി രൂപത വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സ്പിരിച്ചൽ അഡ്വൈസർ വെരി. റവ. ഫാ.ടോണി കോഴിമണ്ണിൽ സ്വാഗതവും, വെരി. റവ.ഫാ. തോമസ് മണ്ണിതോട്ടം നന്ദിയും പറഞ്ഞു.

## വിൻസെന്റ് ഡി പോൾ സൊസൈറ്റി

ബത്തേരി രൂപത വിൻസന്റ് ഡിപോൾ സൊസൈറ്റിയുടെ 2017-18 വർഷത്തെ വിദ്യാഭ്യാസ സ്കോളർഷിപ്പ്, രോഗീസഹായം എന്നിവ ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് തിരുമേനി 18-3-2018 ന് വിതരണം ചെയ്തു. ബത്തേരി രൂപതയിൽ 72- ഇടവകകളിൽ വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ കോൺഫ്രൻസുകൾ ആരംഭിച്ചപ്പോൾ 7,50000/- രൂപയുടെ സഹായങ്ങൾ, നിർദ്ധനരായ രോഗികൾക്കും, മിടുക്കരായി പഠിക്കുന്ന വിദ്യാർത്ഥികൾക്കും നൽകുവാൻ കഴിഞ്ഞു. ഈ വർഷം 1, 53,000/- രൂപയുടെ സഹായം നൽകി.

# ആശംസകൾ നേരാം

## Birthday - April

| | | |
|---|---|---|
| 1 | Rev. Fr. Chelamparambath Chacko | 01. 04. 1979 |
| 2 | Rev. Fr. Kannamkulam Joseph | 08. 04.1960 |
| 3 | Rev. Fr. Panachiparambil John | 09. 04. 1960 |
| 4 | Rev. Fr. Kandathil Mathew | 10. 04. 1959 |
| 5 | Rev. Fr. Manayil John | 10. 04. 1967 |
| 6 | Rev. Fr. Vilanguparayil Martin | 10. 04. 1972 |
| 7 | Rev. Fr. Valiyaveetil Alexander | 12. 04. 1972 |
| 8 | Rev. Fr. Kochuplackal Wilson | 12. 04. 1967 |
| 9 | Rev. Fr. Kollamavudy Varghese | 15. 04. 1976 |
| 10 | Rev. Fr. Attupurath Paulson | 17. 04. 1983 |
| 11 | Rev. Fr. Kodannor Paul | 18. 04. 1977 |
| 12 | Rev. Fr. Kalayil George | 20. 04. 1985 |
| 13 | Rev. Fr. Karikombil Eldho | 20. 04. 1975 |
| 14 | Rev. Fr. Menekkattil Thomas | 23. 04. 1977 |
| 15 | Rev. Fr. Pallikunnel Mathew | 30. 04. 1988 |
| 16 | Rev. Fr. Varghese Panthappilil | 31.04.2018 |

## Feast Day - April

| | | |
|---|---|---|
| 1 | Rev. Fr. Alummottil George | April 23 |
| 2 | Rev. Fr. Kadakketh Varghese | April 23 |
| 3 | Rev. Fr. Kalayil George | April 23 |
| 4 | Rev. Fr. Kaniyamparambil Varghese | April 23 |
| 5 | Rev. Fr. Kochuplackal Wilson | April 23 |
| 6 | Rev. Fr. Kodannor George | April 23 |
| 7 | Rev. Fr. Kollamavudy Varghese | April 23 |
| 8 | Rev. Fr. Geevarghese Madathil | April 23 |
| 9 | Rev. Fr. Mancharuvil Varghese | April 23 |
| 10 | Rev. Fr. Mattamana Varghese | April 23 |
| 11 | Rev. Fr. Panthamppillil Varghese | April 23 |
| 12 | Rev. Fr. Pathackal Sam | April 23 |
| 13 | Rev. Fr. Peruvingal George | April 23 |
| 14 | Rev. Fr. Plachira Varghese | April 23 |
| 15 | Rev. Fr. Pokkathayil George | April 23 |
| 16 | Rev. Fr. Pulickal Varghese | April 23 |
| 17 | Rev. Fr. Thottathil Raju George | April 23 |
| 18 | Rev. Fr. Vellavoor Varghese | April 23 |
| 19 | Rev. Fr. Vettikattil George | April 23 |
| 20 | Rev. Fr. Thannickakkuzhy Varghese | April 23 |

## Ordination Day - April

| | | |
|---|---|---|
| 1 | Rev. Fr. Mudampallikuzhy Cherian | 02. 04. 2008 |
| 2 | Rev. Fr. Pokkathayil George | 06. 04. 2010 |
| 3 | Rev. Fr. Manayil Johnson | 06. 04. 2010 |
| 4 | Rev. Fr. Chelamparambath Joseph | 06. 04. 2010 |
| 5 | Rev. Fr. Christumandiram Thomas | 08. 04. 1999 |
| 6 | Rev. Fr. Vettikatt Philip Mathew | 09. 04. 2012 |
| 7 | Rev. Fr. Vettikattil George | 10. 04. 1996 |
| 8 | Rev. Fr. Pathackal Abraham | 10. 04. 1996 |
| 9 | Rev. Fr. Olickal Jacob | 10. 04. 1996 |
| 10 | Rev. Fr. Puthenkandathil Lazer | 11. 04. 2007 |
| 11 | Rev. Fr. Valiyaparambil Mathew | 11. 04. 1997 |
| 12 | Rev. Fr. Alummottil George | 11. 04. 2007 |
| 13 | Rev. Fr. Cheruparambil Scaria | 11. 04. 2207 |
| 14 | Rev. Fr. Kozhimannil Toni | 14. 04. 1993 |
| 15 | Rev. Fr. Vattakattu Sajan | 14. 04. 2004 |
| 16 | Rev. Fr. Kandathil Mathew | 16. 04. 1986 |
| 17 | Rev. Fr. Mancharuvil Varghese | 19. 04. 1995 |
| 18 | Rev. Fr. Panachiparambil Benny | 19. 04. 1995 |
| 19 | Rev. Fr. Chamathayil Thomas | 21. 04. 1990 |
| 20 | Rev. Fr. Attupurath Paulson | 24. 04. 2009 |
| 21 | Rev. Fr. Thannickakkuzhy Varghese | 28. 04. 1993 |
| 22 | Rev. Fr. Elavungal John | 29. 04. 1992 |

## New Appointments

**INSTITUTIONS**

1. **Very. Rev. Msgr. Mathew Arambankudy**
   Financial Consultant, Alphonsa Arts & Science College, Bathery
   Administrator of Thapovanam
2. **Rev. Fr. Thomas Thundiyil**
   Vice Principal, Alphonsa Arts & Science College, Bathery
3. **Prof. A.V. Thariyath**
   Principal, Alphonsa Arts & Science College, Bathery
4. **Very. Rev. Fr. Mathew Perumpallikunnel**
   Bursar, Mar Baselios School, Engapuzha

## MEMBERS OF TRIBUNAL OF BATHERY

| | | |
|---|---|---|
| 1. | **Very Rev. Fr. John S.** | - Judicial Vicar |
| 2. | **Rev. Fr. Sebastian Keepallil** | - Judge |
| 3. | **Rev. Fr. Varghese Thannickakuzhy** | - Judge |
| 4. | **Very Rev. Fr. Philip Mathew Vettikattu** | - Defender of Bund |
| 5. | **Rev. Fr. Abraham Puthenmadathil** | - Promotor of Justice |
| 6. | **Rev. Fr. Varghese Kaniyamparambil** | - Notary |

## New Appointments

1. **Rev. Fr. Varghese Pulickal**
   Vicar, St. George Malankara Catholic Church, Pulpally,
   Vicar, St. George Malankara Catholic Church,Chettapalam
2. **Rev. Fr. George Alumoottil**
   Vicar, St. Mary's Malankara Catholic Church, Kolavally
3. **Rev. Fr. Paulson Attupuram**
   Vicar, St. Mary's Malankara Catholic Church, Moothedam
   Vicar, St. Mary's Malankara Catholic Church, Palankara
4. **Rev. Fr. Jose John Anchikara**
   Vicar, St. Mary's Malankara Catholic Church,Chethalayam
5. **Rev. Fr. Mathew Valiyaparambil**
   Vicar, St. Thomas Malankara Catholic Church,Kaippini
6. **Rev. Fr. Martin Vilagupara**
   Vicar, St. George Malankara Catholic Church, Uppatty
7. **Rev. Fr. Sebastian Keeppalil**
   Vicar, St. Paul Malankara Catholic Church, Uppada
   Vicar, Christ the King Malankara Catholic Church, Munderi
8. **Very Rev. Fr. Abraham Mudampallikuzhy**
   Vicar, St. John's Malankara Catholic Church, Murampathy
9. **Rev. Fr. Mathew Perumpallikunnel**
   Vicar, St.George Malankara Catholic Church, Engapuzha
   Vicar, St.George Malankara Catholic Church, Pulikayam
10. **Rev. Fr. Greorge Kalayil**
    Vicar, Little Flower Malankara Catholic Church, Kelakom
11. **Rev. Fr. Johnson Pallipadinjattethil**
    Vicar, St. Mary's Malankara Catholic Church, Chelivayal
12. **Very Rev. Fr. Jose Munduvelil**
    Vicar, St. George Malankara Catholic Church, Kolithattu
13. **Very Rev. Fr. Jacob Chundakattu**
    Vicar, St. George Malankara Catholic Church, Micavu
14. **Rt. Rev. Thomas Cherupurayidom Corepiscopo**
    Co-Vicar, St. Alphonsa Malankara Catholic Church, Kalpetta
15. **Rev. Fr. Scaria Manpurackammannil**
    Vicar, St. Joseph's Malankara Catholic Church, Naduvil
16. **Rev. Fr. Thomas Poikamannil**
    Spiritual Father, St. Thomas Minor Seminary, Bathery
17. **Very Rev. Fr. John S.**
    Co- Vicar, St. Peter & St. Paul Malankara Catholic Church, Pattavayal
18. **Rev. Fr. Abraham Ashariparambil**
    Asst. Vicar, St. Mary's Malankara Catholic Church, Chethalayam
19. **Very Rev. Fr. Jose Munduvelil** - District Vicar, Kannur
20. **Very Rev. Fr. Abraham Mudampallikuzhy** - District Vicar, Kozhikode
21. **Very Rev. Fr. John Kayathinkal** - District Vicar, Kasaragode

## സംഭാവന

### തപോവനം – ഏപ്രിൽ 2018

| | | | |
|---|---|---|---|
| 1 | Mr. Ajeesh C | - | ₹ 2500 |
| 2 | Mr. Subin Jacob Nilambur | - | 3500 |
| 3 | Mr. M. C. Peter's, S. Bathery | - | 1500 |
| 4 | Vismaya Hospital, S. Bathery | - | 10000 |
| 5 | St. George Church, Uppatty | - | 8001 |
| 6. | Little Flower Church, Karunechi | - | 2000 |
| 7. | S.B.I. Bank, Sulthan Bathey | - | 5000 |
| 8. | Mr. Bhaskaran M.N., Perikalloor | - | 10000 |
| 9. | Sangeetha & Sujeesha , Erumad | - | 4000 |
| 10. | Mr. Mathew M. Chacko, Puthenkunnu | - | 3000 |
| 11. | Mr. Manoj C.G. Kaipencherry | - | 3000 |
| 12. | Jithi George, Nadavayal | - | 3000 |

## ബിഷപ്പ് ചാരിറ്റി ഫണ്ട് – സംഭാവന നൽകിയവർ

| | | | |
|---|---|---|---|
| 1 | Rev. Sr. Leo D M | - | ₹ 5000 |
| 2 | Edakkara Parish | - | 5000 |
| 3 | Nambiyarkunnu Parish | - | 2000 |
| 4 | Mrs. Achamma USA | - | 15000 |
| 5 | Bethany Sisters, Chickago | - | 15000 |
| 6 | Rev. Fr. Chako Madathipparambil | - | 15000 |

## ബിഷപ്പ് ചാരിറ്റി ഫണ്ട് – സഹായം സ്വീകരിച്ചവർ

| | | | |
|---|---|---|---|
| 1 | Mrs. Sini (House) | - | ₹ 5000 |
| 2 | Mrs. Syamala (Wedding) | - | 5000 |
| 3 | Mrs. Eliyamma Kolavally (Medicine) | - | 5000 |
| 4 | Easter (Gift) | - | 10000 |
| 5 | Mr. James | - | 10000 |
| 6 | Mrs. Rossamma Thelakkattu | - | 6000 |
| 7 | Widow (Help) | - | 20000 |
| 8 | Mr. Sukumaran (Wedding) | - | 10000 |
| 9 | Mrs. Susamma (Medicine) | - | 5000 |
| 10 | Mrs. Jalaja (Education) | - | 5000 |



# സ്മരണീയദിനങ്ങൾ

## ഏപ്രിൽ 2018

1 – ക്യംതാ (ഉയിർപ്പു പെരുന്നാൾ)

2 – ഹോവോറെ ആഴ്ച

6 – സകല മൗദ്യന്മാൻ

8 – **പുതുഞായർ**

സെമിനാരി ദിനം

ലോറൻസ് മാർ അപ്രേം തിരുമേനിയുടെ ഓർമ്മ

12 – എബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ

13 – മാർ സെറാഫിയോൻ

14 – മാർ ശെമഊൻ ബെർസാബോയോ

15 – **ഉയിർപ്പിന് ശേഷം രണ്ടാം ഞായർ**

22 – **ഉയിർപ്പിന് ശേഷം മൂന്നാം ഞായർ**

23 – വി. ഗീവർഗീസ് സഹദാ

25 – വി. മർക്കോസ് സുവിശേഷകൻ

27 – വി. ക്ലീറ്റസ്

28 – ഐസക് മാർ യൂഹാന്നോൻ തിരുമേനിയുടെ ഓർമ്മ

29 – **ഉയിർപ്പിന് ശേഷം നാലാം ഞായർ**

30 – സെബദിപുത്രനായ യാക്കോബ് ശ്ലീഹാ









ബത്തേരി സെന്റ് തോമസ് കത്തിഡ്രലിൽ വെച്ച് നടന്ന 7-ാം മത്
വയനാട് ബൈബിൾ കൺവെൻഷനിൽ നിന്ന്




ചിക്കാഗോയിലെ മലങ്കര കത്തോലിക്കാ ദേവാലയത്തിൽ
അഭിവന്ദ്യ പിതാവ് ഓശാന ശുശ്രൂഷകൾക്ക്
നേതൃത്വം നൽകുന്നു



എടക്കര മലങ്കര കത്തോലിക്കാ
ദേവാലയത്തിൽ ദുഃഖവെള്ളിയാഴ്ചയുടെ
ശുശ്രൂഷകൾ അഭിവന്ദ്യ പിതാവ് നടത്തുന്നു




കാട്ടിക്കുളം മലങ്കര കത്തോലിക്കാ ദേവാലയത്തിൽ
കാൽകഴുകൽ ശുശ്രൂഷയ്ക്ക് നേതൃത്വം
അഭിവന്ദ്യ പതാവ് കൊടുക്കുന്നു



മുവാറ്റുപുഴ രൂപതയ്ക്ക് വേണ്ടി
വൈദികപട്ടം സ്വീകരിച്ച
പാതാർ ഇടവകാംഗമായ
റവ. ഫാ. ജെയിംസ് ചരിവുപറമ്പിലിന്
രൂപതയുടെ പ്രാർത്ഥനാശംസകൾ



റവ. ഡോ. വർഗ്ഗീസ് താന്നിക്കാക്കുഴിയുടെ പൗരോഹിത്യ ജൂബിലി ആഘോഷത്തിൽ
അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തപ്പോൾ





പൗരോഹിത്യജൂബിലി ആഘോഷിക്കുന്ന റവ. ഡോ. വർഗ്ഗീസ് താന്നിക്കാകുഴി അച്ചനും,
റവ. ഫാ. തോമസ് കോഴിമണ്ണിലച്ചനും രൂപതയുടെ പ്രാർത്ഥനാമംഗളങ്ങൾ



റവ. ഫാ. തോമസ് കോഴിമണ്ണിലിന്റെ പൗരോഹിത്യ ജൂബിലി ആഘോഷത്തിൽ
അഭിവന്ദ്യ പിതാവ് പങ്കെടുത്തപ്പോൾ



വൈദിക വസ്ത്രം സ്വീകരിച്ച ബ്രദേഴ്സ് അഭിവന്ദ്യ പിതാവിനൊപ്പം



കാര്യംപാടി പുതിയ ദേവാലയ നിർമ്മാണത്തിനുള്ള തറക്കല്ല് അഭിവന്ദ്യ പിതാവ് ആശീർവദിക്കുന്നു.



കെ.സി.ബി.സി. യുവജനകമ്മീഷന്റെ നേതൃത്തിലുള്ള യുവജനധ്യാനം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

മാർ ഗ്രിഗോറിയോസ് സെന്ററിൽ സംഘടിപ്പിക്കുന്ന എൻട്രൻസ് കോച്ചിംഗ് അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



## ഓർമ്മതിരുനാൾ



ഏപ്രിൽ 8

ലോറൻസ് മാർ അപ്രേം മെത്രാപ്പോലിത്താ




ഏപ്രിൽ 28

ഐസക്ക് മാർ യൂഹാനോൻ മെത്രാപ്പോലിത്താ



ഏപ്രിൽ 20 ന് 66-ാം ജൻമദിനം
ആഘോഷിക്കുന്ന അഭിവന്ദ്യ
**ഡോ. ജോസഫ് മാർ തോമസ്**
തിരുമേനിക്ക് ജന്മദിനാശംസകൾ

## നാമഹേതുക തിരുന്നാൾ
## ഏപ്രിൽ 12



മോസ്റ്റ് റവ. ഡോ. എബ്രാഹാം മാർ യൂലിയോസ്



ഇടുക്കി രൂപതയുടെ പുതിയ മെത്രാൻ
**മോസ്റ്റ് റവ. ഡോ. ജെയിംസ് നെല്ലിക്കുന്നേൽ**
പിതാവിന് രൂപതയുടെ പ്രാർത്ഥനാമംഗളങ്ങൾ

## പുതിയ പ്രൊവിൻഷ്യൽ സുപ്പിരീയേഴ്സിന് അഭിനന്ദനങ്ങൾ



റവ.ഡോ. മാത്യു
തിരുവാലിൽ OIC
(നവജീവൻ പ്രൊവിൻസ്)



റവ.ഡോ. മരിയദാസ് OIC
(നവജ്യോതി പ്രൊവിൻസ്)



കംപ്യൂട്ടർ സയൻസിൽ ഡോക്ടറേറ്റ് (PhD) കരസ്ഥമാക്കിയ ഉപ്പട്ടി ഇടവകാംഗമായ ഡോ.എൽദോ കെ.ജെ.
യെ അഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയും അഭിവന്ദ്യ ഡോ.ജോസഫ് മാർ തോമസ് തിരുമേനിയും അനുമോദിക്കുന്നു.

From: Chancellor, Bishop's House, Sulthan Bathery
Wayanad, Kerala, India Tel: 04936 220207, 9446293293
email: exodussby@gmail.com